# സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം

# കരട്രേഖ

കേരള സർക്കാർ റെവന്യൂ (ബി)
ഡിപ്പാർട്ട്മെൻറ്ചുമതലപ്പെടുത്തിയത് ചുമതലപ്പെടുത്തിയത്

## പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിൽ ഒഴലപ്പതി വില്ലേജിൽ കിൻഫ്രയുടെ നാഷണൽ ഇൻവെസ്റ്റ്മെൻറ് & മാനുഫാക്ചറിംഗ് സോൺ (നിംസ്) പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കൽ

08/01/2021

RAJAGIRI outREACH

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റ്

അർത്ഥാനാധികാരി

കിൻഫ്ര

കിൻഫ്ര ഹൗസ്, 31/2312,

പാലക്കാട്

രാജഗിരി ഔട്ട്റീച്ച്
രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്
രാജഗിരി.പി.ഒ., കളമശേരി, പിൻ: 683 104
ഫോൺ: 0484 2911330-332/2550785
rossrajagiri@gmail.com,
www.rajagirioutreach.in

# ഉള്ളടക്കം

**അദ്ധ്യായം 1: പഠനത്തിൻെറ സംക്ഷിപ്ത രൂപം**

1.1 പദ്ധതിയും ജനകീയ ലക്ഷ്യങ്ങളും

1.2 സ്ഥലം

1.3 ഭൂമി ഏറ്റെടുക്കുന്നതിൻെറ വിസ്താരവും ഗുണങ്ങളും

1.4 പരിഗണിക്കപ്പെട്ട ഇതര മാർഗ്ഗങ്ങൾ

1.5 സാമൂഹ്യ പ്രത്യാഘാതങ്ങൾ

1.6 ലഘൂകരണ നടപടികൾ

**അദ്ധ്യായം 2: പദ്ധതിയുടെ വിശദവിവരങ്ങൾ**

2.1. പദ്ധതി നിർവ്വാഹകർ, നിയന്ത്രണ ഘടന എന്നിവ ഉൾപ്പടെ പദ്ധതിയുടെ പശ്ചാത്തലം

2.2. നിയമത്തിൽ പ്രതിപാദിക്കുന്ന പൊതുതാൽപര്യത്തിന് പദ്ധതി എങ്ങിനെ അനുയോജ്യമാകുന്നു എന്നതുൾപ്പടെ പദ്ധതിയുടെ യുക്തി

2.3 പദ്ധതിയുടെ സ്ഥലം, വലിപ്പം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ

2.4 ഇതര മാർഗ്ഗങ്ങൾ പരിശോധിക്കൽ

2.5 പദ്ധതി നിർമ്മാണ ഘട്ടങ്ങൾ

2.6 പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങൾ

2.7 അനുബന്ധ സൗകര്യങ്ങളുടെ ആവശ്യകത

2.8 ആവശ്യമായ തൊഴിൽ ശക്തി

2.9 മുൻപേ നടത്തിയ പഠനങ്ങളുടെ വിവരങ്ങൾ

2.10 ബാധകമായ നിയമങ്ങളും നയങ്ങളും

**അദ്ധ്യായം 3: പഠന സംഘം, പഠന സമീപനം, പദ്ധതിശാസ്ത്രം**

3.1 പഠന സംഘാംഗങ്ങളുടെ വിദ്യാഭ്യാസ യോഗ്യത ഉൾപ്പടെയുള്ള വിവരങ്ങൾ

3.2 പഠനത്തിനുപയോഗിച്ച പദ്ധതിശാസ്ത്രം, സാങ്കേതികരീതി എന്നിവയെക്കുറിച്ചുള്ള വിവരണവും, അത് ഉപയോഗിച്ചതിൻെറ യുക്തിയും, പഠനത്തിനുവേണ്ടവിവരശേഖരണം നടത്തിയ രീതിയും

3.3 പഠനത്തിനുപയോഗിച്ച മാതൃകാപരിശോധനാ രീതി

3.4 വിവരസ്രോതസ്സുകളുടെയും വിവരങ്ങളുടെയും വിശകലനം

3.5 തൽപ്പരകക്ഷികളുമായുള്ള കൂടിക്കാഴ്ച്ചയും പബ്ലിക് ഹിയറിങ്ങിനെക്കുറിച്ചുള്ള വിവരണവും

**അദ്ധ്യായം 4: സ്ഥലത്തിന്റെ മൂല്യ നിർണ്ണയം**

4.1 ഭൂപടത്തിന്റെയും സ്ഥലത്തെ പ്രാഥമിക സ്രോതസ്സുകളുടെയും സഹായത്തോടെ പദ്ധതിപ്രദേശത്തിന്റെ വിവരണം

4.2 പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിൽ പ്രത്യാഘാത ബാധിതമാകുന്ന പ്രദേശം (ഏറ്റെടുക്കപ്പെടുന്ന പദ്ധതിപ്രദേശത്തിന്േറത് മാത്രമല്ല)

4.3 പദ്ധതിയ്ക്കാവശ്യമായ മൊത്തം ഭൂമി

4.4 പദ്ധതി ബാധിത പ്രദേശത്തിന്റെ സമീപത്ത് പൊതുജനങ്ങൾ ഉപയോഗിക്കുന്ന സ്ഥലം ഉണ്ടെങ്കിൽ അതിന്റെ നിലവിലെ ഉപയോഗം

4.5 പദ്ധതിക്കായി വിലകൊടുത്തുവാങ്ങിയിരിക്കുന്നതോ പണയത്തിനെടുത്തിരിക്കുന്നതോ ആയ ഭൂമി, ഏറ്റെടുക്കുന്ന ഭൂമിയുടെ ഓരോ ഭാഗത്തിന്റെയും നിർദ്ദിഷ്ട ഉപയോഗം

4.6 ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ ഗുണവും പ്രദേശവും

4.7. ആഘാതബാധിതഭൂമിയുടെ തരവും നിലവിലെ ഉപയോഗവും, കൃഷിഭൂമിയുണ്ടെങ്കിൽ ജലസേചനത്തെക്കുറിച്ചും വിളകളെക്കുറിച്ചുമുള്ള വിവരണം

4.8 കൈവശഭൂമിയുടെ അളവ്,ഉടമസ്ഥതയുടെ രീതി, സ്ഥലത്തിന്റെ കിടപ്പ്,അവിടെ താമസിക്കുന്നവരുടെ എണ്ണം

4.9 കഴിഞ്ഞ 3 വർഷക്കാലത്തെ ഭൂമി കൈമാറ്റവും, വിലയും, ഉപയോഗവും

**അദ്ധ്യായം 5: ആഘാതബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്**

5.1 പദ്ധതിയുടെ പ്രത്യാഘാതബാധിത കുടുംബങ്ങൾ

5.1.1 പ്രത്യക്ഷ പ്രത്യാഘാതബാധിത കുടുംബങ്ങൾ(സ്വന്തം ഭൂമി നഷ്ടപ്പെടുന്നവർ)

5.2 വനാവകാശം നഷ്ടപ്പെടുന്ന പട്ടിക വർഗ്ഗ/ആദിവാസി കുടുംബങ്ങൾ

5.3 പൊതുവിഭവങ്ങൾ ആഘാതബാധിതമാകുന്നതുമൂലം ഉപജീവനമാർഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾ

5.4 കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും പദ്ധതിയിലൂടെ ലഭിച്ച സ്ഥലം ഏറ്റെടുക്കപ്പെടുന്ന കുടുംബങ്ങൾ

5.5 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന നഗരപ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ

5.6 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പ്രാഥമിക ജീവനോപാധിയായി ആശ്രയിച്ചിരുന്ന കുടുംബങ്ങൾ

5.6.1 പദ്ധതിയുടെ പരോക്ഷ ആഘാതബാധിതർ (ഏറ്റെടുക്കപ്പെടുന്നത് സ്വന്തം ഭൂമിയല്ലെങ്കിലും പരോക്ഷമായി ആഘാതബാധിതരാകുന്നവർ)

5.6.2 ഫലദായക വസ്തുക്കളുടെയും പ്രത്യേക സ്ഥലങ്ങളുടെയും വിവരപട്ടിക

**അദ്ധ്യായം 6: സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക പശ്ചാത്തലം (പദ്ധതിപ്രദേശവും പുനസ്ഥാപനപ്രദേശവും)**

6.1 പദ്ധതിപ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ

6.2 വരുമാനവും ദാരിദ്ര്യാവസ്ഥയും

6.3 ദുർബ്ബലജനവിഭാഗം

6.4 ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗവും

6.5 പ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങൾ

6.6 പ്രാദേശിക ഉപജീവന ഘടകങ്ങൾ

6.7 പ്രദേശത്തെ കുടുംബ ബന്ധങ്ങളും സാമൂഹിക സാംസ്കാരിക സംഘടനകളും

6.8 ഭരണ സംഘടനകൾ

6.9 രാഷ്ട്രീയ സംഘടനകൾ

6.10 സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകൾ

6.11 പ്രാദേശീകവും ചരിത്രപരവുമായ പരിണാമപ്രക്രിയ

6.12 ജീവിത സാഹചര്യങ്ങളുടെ ഗുണനിലവാരം

**അദ്ധ്യായം 7 : സാമൂഹ്യ പ്രത്യാഘാത നിയന്ത്രണം**

7.1 സാമൂഹ്യ പ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ള സമീപനം

7.2 ആഘാതം ഒഴിവാക്കുവാനോ നഷ്ടം നികത്തുവാനോ ഉള്ള മാർഗ്ഗങ്ങൾ

7.3 നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നതു പ്രകാരം പുനരധിവാസത്തിനും പുന:സ്ഥാപനത്തിനും നഷ്ടപരിഹാരത്തിനുമുള്ള നടപടി ക്രമങ്ങൾ

7.4 അർത്ഥനാധികാരി പദ്ധതിയിൽ ഉൾപ്പെടുത്തുമെന്ന്പദ്ധതിരേഖയിൽ പ്രസ്താവിച്ചിട്ടുള്ള നടപടികൾ

7.5 സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറയ്ക്കുവാൻ വേണ്ടി പദ്ധതി രൂപകൽപനയിൽ വരുത്തേണ്ട മാറ്റങ്ങൾ

7.6 ഓരോ നടപടികളും അതിനുവേണ്ട സമയക്രമവും ഉൾക്കൊള്ളിച്ചുകൊണ്ട് ആഘാതം ദുരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി

7.7 അർത്ഥനാധികാരി നിർവ്വഹിക്കുമെന്നോ, പിന്നീട് നിർവ്വഹിക്കാമെന്നോ ഉറപ്പ് നൽകിയിട്ടുള്ളതും എന്നാൽ നിർവ്വഹിച്ചിട്ടില്ലാത്തതുമായ സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ ആസൂത്രണം

**അദ്ധ്യായം 8 : സാമൂഹ്യ പ്രത്യാഘാത ദുരീകരണ പദ്ധതി സ്ഥാപന സംവിധാനം**

8.1 സ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും

8.2 ഗവർണ്മെൻേറതര സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉണ്ടെങ്കിൽ വിവരിക്കുക

8.3 സാങ്കേതിക സഹായം ഉൾപ്പടെ കാര്യക്ഷമതാ നിർമ്മാണ പദ്ധതിയോ കാര്യക്ഷമതാശേഷിയോ ആവശ്യമായി വരുന്നുണ്ടെങ്കിൽ വിവരിക്കുക

8.4 ഓരോ പ്രവർത്തനത്തിനും വേണ്ട സമയക്രമം

**അദ്ധ്യായം 9: സാമൂഹ്യ പ്രത്യാഘാതം കൈകാര്യം ചെയ്യുന്നതിനുള്ള ബഡ്ജറ്റും സാമ്പത്തിക നടപടികളും**

9.1 പുനരധിവാസത്തിനും പുനസ്ഥാപനത്തിനും വേണ്ടി വരുന്ന ചിലവ്

9.2 വാർഷിക ബഡ്ജറ്റും ആസൂത്രണ രേഖയും

9.3 സാമ്പത്തിക സ്രോതസ്സ് തരം തിരിച്ച്

**അദ്ധ്യായം 10: സാമൂഹ്യപ്രത്യഘാത ദുരീകരണ പദ്ധതി –മേൽനോട്ടവും മൂല്യനിർണ്ണയവും**

10.1 മേൽനോട്ടവും മൂല്യനിർണ്ണയവും – പ്രധാന സൂചികകൾ

10.2 റിപ്പോർട്ടിങ്ങ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും

10.3 സ്വതന്ത്ര മൂല്യനിർണ്ണയം – രൂപരേഖ

**അദ്ധ്യായം 11: നേട്ടങ്ങളും നഷ്ടങ്ങളും– അപഗ്രഥനം, ശുപാർശകൾ**

11.1 പൊതു ആവശ്യം, കുറഞ്ഞ സ്ഥാനഭ്രംശം,ആവശ്യമായ ഏറ്റവും കുറവ് സ്ഥലം, സാമൂഹ്യപ്രത്യാഘാതത്തിൻെറ സ്വഭാവവും തീവ്രതയും, നഷ്ടം നികത്തുവാനു തകുന്ന സമൂഹ്യ പ്രത്യാഘാത ദുരീകരണ ആസൂത്രണം എന്നിവയെക്കുറച്ചുള്ള അന്തിമ നിഗമനം

11.2 മുകളിൽ പറഞ്ഞിരിക്കുന്ന വിലയിരുത്തലുകൾ തുലനം ചെയ്യുമ്പോൾ ഭൂമി ഏറ്റെടുക്കാമോ ഇല്ലയോ എന്നതിനുള്ള അന്തിമ ശുപാർശ

# പട്ടികകൾ

| പട്ടിക നമ്പർ | ഉള്ളടക്കം |
|---|---|
| 1.3.1 | ഭൂമി ഏറ്റെടുക്കുന്നതിൻെറ വിസ്താരം |
| 1.5.1 | പദ്ധതിയുടെ പൊതുവായ സാമൂഹ്യ പ്രത്യാഘാതങ്ങൾ |
| 2.3.1 | രൂപ രേഖയുടെ പ്രധാന സവിശേഷതകൾ |
| 2.3.2 | എസ്റ്റിമേറ്റിൻെറ സംഗ്രഹം |
| 2.3.3 | പദ്ധതിയുടെ വെല്ലുവിളികളും ലഘൂകരണ മാർഗ്ഗങ്ങളും |
| 3.1 | പഠന സംഘം |
| 3.5.1 | യോഗങ്ങളുടെ സമയക്രമം |
| 3.5.2 | പബ്ലിക്ക് ഹിയറിംഗ്– സംശയങ്ങളും മറുപടികളും |
| 4.7.1 | വിളകളുടെയും മരങ്ങളുടെയും വിവരങ്ങൾ |
| 5.1.1 | ആഘാത ബാധിതരുടെ വിവരങ്ങൾ |
| 6.1.1 | വൈവാഹികാവസ്ഥ |
| 7.6.1 | ലഘൂകരണ മാർഗ്ഗങ്ങളും പ്രവർത്തനങ്ങളും |
| 9.1.1 | പദ്ധതി ചെലവ് |

# ചിത്രങ്ങളുടെ പട്ടിക



| ചിത്ര നമ്പർ | ഉള്ളടക്കം |
|---|---|
| 2.1 | KINFRA-യുടെ സംഘടനാ ഘടന |
| 4.1 | പദ്ധതി പ്രദേശത്തിന്റെ മാപ്പ് |
| 4.2 | പദ്ധതി പ്രദേശത്തിന്റെ ചിത്രങ്ങൾ |
| 4.7.1 | ഭൂമിയുടെ തരം |
| 4.7.2 | ഭൂമിയുടെ ഉപയോഗം |
| 4.8.1 | ആഘാത ബാധിതരുടെ കൈവശമുള്ള ഭൂമിയുടെ അളവ് |
| 4.8.2 | ഉടമസ്ഥാവകാശത്തിന്റെ വർഷം |
| 4.8.3 | സ്ഥലം കൈവശമായ രീതി |
| 6.1.1 | ലിംഗം |
| 6.1.2 | ആഘാത ബാധിതരുടെ പ്രായം |
| 6.1.3 | വിദ്യാഭ്യാസം |
| 6.1.4 | വൈവാഹികാവസ്ഥ |
| 6.1.5 | മതം |
| 6.2.1. | വരുമാനം |
| 6.2.2. | റേഷൻ കാർഡ് |

# അദ്ധ്യായം 1

# പഠനത്തിൻെറ സംക്ഷിപ്ത രൂപം

## 1.1 പദ്ധതിയും ജനകീയ ലക്ഷ്യങ്ങളും

ഒരു രാജ്യത്തിൻെറ വികസനം പ്രധാനമായും വ്യവസായിക വളർച്ചയെ ആശ്രയിച്ചിരിക്കുന്നു. ധരാളം ഉത്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് സഹായകരമായ ഭൂമി ശാസ്ത്രപരമായ സ്വഭാവവും കാർഷിക ഉത്പന്നങ്ങളുടെ സമൃദ്ധിയും പാലക്കാടിന് ഉണ്ട്. ആയതിനാൽ പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിലെ ഒഴലപ്പതി വില്ലേജിൽ നാഷണൽ ഇൻവെസ്റ്റ്മെൻറ് & മാനുഫാക്ചറിംഗ് സോൺ (നിംസ്) സ്ഥാപിക്കുന്നതിന് കിൻഫ്ര ഉദ്ദേശിക്കുന്നു. തൊഴിൽ നിക്ഷേപത്തിനും പ്രാദേശിക സമ്പദ് വ്യവസ്ഥയുടെ വികസനത്തിനും നാഷണൽ ഇൻവെസ്റ്റ്മെൻറ് & മാനുഫാക്ചറിംഗ് സോൺ (നിംസ്) വളരെയധികം സഹായകരമായിരിക്കും. കൂടാതെ ഒരു കാർഷിക സമ്പദ് വ്യവസ്ഥയിൽ നിന്ന് വ്യവസായിക സമ്പദ് വ്യവസ്ഥയിലേയ്ക്ക് മാറുന്നതിനുള്ള ഒരു പ്രധാന ഘടകമായിരിക്കും.

ഏറ്റെടുക്കുന്ന സ്ഥലത്തെ സോണുകളാക്കി തിരിച്ച് ഊർജ്ജസ്വലവും കാര്യക്ഷമവുമായ സാങ്കേതിക വിദ്യയുടെ അടിസ്ഥാനത്തിൽ അടിസ്ഥാന സൗകര്യങ്ങൾ, നൈപുണ്യ വികസന സൗകര്യങ്ങൾ എന്നിവയും അത്യാധുനിക സൗകര്യങ്ങളോടു കൂടിയ വ്യവസായിക ടൗൺഷിപ്പുകളും സൃഷ്ടിച്ച് പ്രാഥമിക മേഖലകളിൽ നിന്ന് ദ്വിതീയവും ത്രിതീയവുമായ മേഖലകളിലേക്ക് മാറുവാൻ ആഗ്രഹിക്കുന്ന വ്യക്തികൾക്ക് ഉത്പാദനപരമായ അന്തരീക്ഷം ഒരുക്കി കൊടുക്കുന്നതിനായാണ് നിംസ് പദ്ധതി വിഭാവനം ചെയ്യുന്നത്. ഇതിനു പുറമേ ഈ പദ്ധതി കുറഞ്ഞത് 14000 പേർക്ക് പ്രത്യക്ഷമായും പരോക്ഷമായും വിവിധ തലങ്ങളിൽ ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്ന് കിൻഫ്ര പ്രതീക്ഷിക്കുന്നു. വ്യവസായ പാർക്ക് നിലവിൽ വരുന്നതിലൂടെ പ്രദേശത്തെ തൊഴിൽ അവസരങ്ങൾ വർദ്ധിക്കുകയും പ്രദേശത്തിൻെറ മൊത്തത്തിലുള്ള വികസന ത്തിനെ സ്വാധീനിക്കുകയും ചെയ്യും.

*പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിൽ ഒഴലപ്പതി വില്ലേജിൽ നാഷണൽ ഇൻവെസ്റ്റ്മെൻറ് &മാനുഫാക്ചറിംഗ് സോൺ (നിംസ്) പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ*

പാലക്കാട് ജില്ലയിൽ ഒഴലപ്പതി വില്ലേജിൽനാഷണൽ ഇൻവെസ്റ്റ്മെൻറ് & മാനുഫാക്ചറിംഗ് സോൺ(നിംസ്)സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന പ്രദേശത്ത് നടത്തിയ സാമൂഹ്യപ്രത്യാഘാത പഠനത്തിൻെറ കരട് രേഖയാണിത്

## 1.2 സ്ഥലം

പഞ്ചായത്ത് : വടകരപ്പതി

വില്ലേജ് : ഒഴലപ്പതി

താലൂക്ക് : ചിറ്റൂർ

ജില്ല : പാലക്കാട്

പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിൽ ഒഴലപ്പതി ഗ്രാമത്തിൽ കിൻഫ്രക്ക് നാഷണൽ ഇൻവെസ്റ്റ്മെൻറ് ആൻറ് മാനുഫാക്ചറിംഗ് സോൺ (നിംസ്) സ്ഥാപിക്കുന്നതിനായി ഏകദേശം 250 ഏക്കർ സ്ഥലം ഏറ്റെടുക്കുവാനാണ് ഉദ്ദേശിക്കുന്നത്. തെങ്ങ്, പച്ചക്കറികൾ, പുല്ല് മുതലായ കൃഷികൾക്ക് ഈ പ്രദേശം പ്രസിദ്ധമാണ്.

## 1.3 ഭൂമി ഏറ്റെടുക്കുന്നതിൻെറ വിസ്താരവും ഗുണങ്ങളും

17.08.2020 തീയതിയിലെ കേരള ഗസറ്റ് (അസാധാരണം) നമ്പർ 1846 ൽ പ്രസിദ്ധീകരിച്ച കേരള സർക്കാർ റവന്യൂ (ബി) ഡിപ്പാർട്ട്മെൻറിൻെറ 14.08.2020 തീയതിയിലെ വിജ്ഞാപനം G.O.(P)No.53/2020/RD അനുസരിച്ച് പദ്ധതിക്കാവശ്യമായി വന്നേക്കാവുന്നത് ഏകദേശം 250 ഏക്കർ സ്ഥലമാണ്. റവന്യൂ രേഖാ പ്രകാരം ഇതിൽ ഭൂരിഭാഗവും പുരയിടം വിഭാഗത്തിൽ പെടുന്നു. ശേഷിച്ചവ നിലം വിഭാഗത്തിലും. ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന ഭൂരിഭാഗം സ്ഥലങ്ങളും കാർഷികാവശ്യങ്ങൾക്കാണ് ഉപയോഗിക്കുന്നത്. തെങ്ങ്, പച്ചക്കറികൾ, മാവ്, വാഴ മുതലായാണ് പ്രദേശത്തെ പ്രധാന കൃഷികൾ. നാഷണൽ ഇൻവെസ്റ്റ്മെൻറ് ആൻറ് മാനുഫാക്ചറിംഗ് (നിംസ്) പദ്ധതിക്കു വേണ്ടി ഏറ്റെടുക്കുന്ന സ്ഥലത്തിൻെറ വിവരങ്ങൾ പട്ടിക 1.3.1 ൽ നൽകിയിരിക്കുന്നു.

**പട്ടിക 1.3.1 ഏറ്റെടുക്കുന്ന സ്ഥലത്തിൻെറ വിവരങ്ങൾ**

**വില്ലേജ് :ഒഴലപ്പതി**

**താലൂക്ക് : ചിറ്റൂർ**

**ജില്ല : പാലക്കാട്**

| **സർവ്വെ നമ്പർ** | **ബ്ലോക്ക് നമ്പർ** | **ഏകദേശ വിസ്തീർണ്ണം ഏക്കറിൽ** |
|---|---|---|
| 14pt,16,17,18,19,20,21,22,23,26pt,34,45,46,47, 48,49,50,53,128pt,134,138,139,140,141,145,146, 148,149,150,152pt,153,154,155,156,157,158,163 pt,164,165pt,170,171,174pt,175,176,177pt,178,1 80,181,182,183,185,351,352,353,354 | 28 | 250 |

**1.4 പരിഗണിക്കപ്പെട്ട ഇതര മാർഗ്ഗങ്ങൾ**

നാഷണൽ ഇൻവെസ്റ്റ്മെൻറ് ആൻറ് മാനുഫാക്ചറിംഗ് (നിംസ്) പദ്ധതിയ്ക്ക് പ്രസ്തുത സ്ഥലം വളരെ അനുയോജ്യമാണ് എന്നതിനാലും നിർദ്ദിഷ്ട പദ്ധതിക്ക് വളരെ കുറവ് പ്രത്യാഘാതം മാത്രമെ ഉണ്ടാകൂ എന്നതിനാലും പദ്ധതിക്ക് വേണ്ടി ഇതര മാർഗ്ഗങ്ങൾ പരിഗണിച്ചിട്ടില്ല എന്ന് അർത്ഥനാധികാരി അറിയിച്ചു.

**1.5സാമൂഹ്യപ്രത്യാഘാതങ്ങൾ**

കിൻഫ്രക്ക് നാഷണൽ ഇൻവെസ്റ്റ്മെൻറ് & മാനുഫാക്ചറിംഗ് സോൺ (നിംസ്) സ്ഥാപിക്കുന്നതിന് പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിലെ ഒഴലപ്പതി വില്ലേജിൽ നിന്ന് ഏകദേശം 250 ഏക്കർ സ്ഥലം ഏറ്റെടുക്കലാണ് നിർദ്ദിഷ്ട പദ്ധതി. പ്രസ്തുത സ്ഥലത്തിൻെറ വിവരങ്ങൾ പ്രസിദ്ധപ്പെടുത്തിക്കൊണ്ട് കേരള സർക്കാർ റവന്യൂ (ബി) ഡിപ്പാർട്ട്മെൻറ് 14.08.2020 തീയതിയിൽ വിജ്ഞാപനം G.O.(P)No.53/2020/RD പ്രസിദ്ധപ്പെടുത്തി. ടി വിജ്ഞാപനം അനുസരിച്ച് ബ്ലോക്ക് നമ്പർ 28 ൽ ഉൾപ്പെടുന്ന 55 സർവ്വെ നമ്പറുകളിലെ സ്ഥലങ്ങളാണ് ഏറ്റെടുക്കലിൽ ഉൾപ്പെടുന്നത്. നിർദ്ദിഷ്ട സ്ഥലത്തിൻെറ ഉടമകളിൽ ഭൂരിഭാഗം പേരും പദ്ധതി പ്രദേശത്ത് താമസിക്കുന്നവരല്ല; ബന്ധപ്പെട്ട വിലാസവും ലഭ്യമല്ല. ആയതിനാൽ സാമൂഹ്യ പ്രത്യാഘാത വിലയിരു

ത്തൽ പഠന യൂണിറ്റിന് 23 ഭൂവുടമകളെ മാത്രമേ കണ്ടെത്തി സർവ്വെ ചെയ്യുവാൻ കഴിഞ്ഞിട്ടുള്ളു. സ്ഥലം നഷ്ടമാകൽ, കുടുംബങ്ങളെ കുടിയൊഴിപ്പിക്കൽ, ആരാധനാലയങ്ങൾ നഷ്ടമാകൽ, ഉപജീവനമാർഗം നഷ്ടമാകൽ എന്നീ പ്രത്യാഘാതങ്ങൾ പദ്ധതി മൂലം ഉണ്ടായേക്കാം എന്ന് മനസിലാക്കുന്നു. പദ്ധതിയുടെ പ്രത്യാഘാതങ്ങൾ തുടർന്ന് വരുന്ന ഭാഗത്ത് വിശകലനം ചെയ്യുന്നു

### *a) ഭൂമി നഷ്ടമാകൽ*

പട്ടിക 1.3.1.ൽ നൽകിയിട്ടുള്ള 55 സർവ്വെ നമ്പറുകളിൽ നിന്നാണ് നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ ആസൂത്രണം ചെയ്തിരിക്കുന്നത്. പ്രസ്തുത സർവ്വെ നമ്പറുകളിലുള്ള സ്ഥലങ്ങളുടെ ഉടമകൾക്ക് സ്ഥലം നഷ്ടമാകുകയോ കൈവശ ഭൂമിയിൽ കുറവ് വരുകയോ ചെയ്യും. ഇവരിൽ 23 ഭൂവുടമകളെയാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റിന് കണ്ടെത്തി സർവ്വെ ചെയ്യുവാൻ കഴിഞ്ഞത്. സർവ്വെയിൽ പങ്കെടുത്ത 23 ഭൂവുടമകളിൽ 9 ഉടമകൾക്ക് പ്രസ്തുത സ്ഥലം പാരമ്പര്യമായി കൈവശമായതും ശേഷിച്ച 14 ഉടമകൾ ടി സ്ഥലം വിവിധ കാലയളവുകളിൽ വിലകൊടുത്ത് വാങ്ങിയതുമാണ്.

### *b) വീടുകൾ പദ്ധതി ബാധിതമാകൽ/കുടുംബങ്ങളെ കുടിയൊഴിപ്പിക്കൽ*

പദ്ധതിപ്രദേശത്ത് താമസിക്കുന്ന 12 കുടുംബങ്ങളുടെ വീടും വസ്തുവകകളും പൂർണ്ണമായും ഏറ്റെടുക്കലിൽ ഉൾപ്പെട്ടിരിക്കുന്നതിനാൽ പദ്ധതി കുടുംബങ്ങളുടെ കുടിയൊഴിപ്പിക്കലിന കാരണമാകുന്നുണ്ടെന്ന് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം മനസിലാക്കുന്നു. ടി കുടുംബങ്ങളിൽ 6 കുടുംബങ്ങൾക്ക് ടി സ്ഥലം പാരമ്പര്യമായി കൈവന്നതും ശേഷിച്ച 6 കുടുംബങ്ങൾ വർഷങ്ങൾക്ക് മുൻപ് ടി സ്ഥലം വാങ്ങിയതുമാണ്. ആയതിനാൽ പ്രസ്തുത കുടുംബങ്ങളുടെ പുനരധിവാസം പദ്ധതിക്ക് ഒരു വെല്ലുവിളിയായിരിക്കും. വീടുകൾ പദ്ധതി ബാധിതമാകുന്ന കുടുംബങ്ങളുടെ പേരും വിലാസവും പട്ടിക 1.5.1.ൽ നൽകിയിരിക്കുന്നു.

***പട്ടിക 1.5.1 : കുടിയൊഴിപ്പിക്കപ്പെടുന്ന കുടുംബങ്ങളുടെ പേരും വിലാസവും***

| ക്രമ നമ്പർ | ഭൂവുടമയുടെ പേരും വിലാസവും | സർവ്വെ നമ്പർ |
|---|---|---|
| 1 | ആദിശ്വരൻ,<br>അൺപൂർ, കോവിലകം, ഒഴലപ്പതി<br>പോസ്റ്റ്, പാലക്കാട്ജില്ല | 177,178,180 |

| | | |
|---|---|---|
| 2 | സത്യശീലൻ,<br>അൺപൂർ, ഊർകൗണ്ടർ,<br>മേഴാറ്റുകുളം, ഒഴലപ്പതി പോസ്റ്റ്,<br>പാലക്കാട്ജില്ല | 171/1, 189/6 |
| 3 | ശെൽവകുമാർസ്വാമി,<br>ശാന്തിലിംഗനഗർ,<br>ഒഴലപ്പതി പോസ്റ്റ്, പാലക്കാട് | |
| 4 | കാളിമുത്ത്,<br>കുപ്പണ്ടകൗണ്ടനൂർ<br>മലമ്പതി, ഒഴലപ്പതി പോസ്റ്റ്,<br>പാലക്കാട്ജില്ല | 351,352,139 |
| 5 | പഞ്ചലിംഗം, കുപ്പണ്ടകൗണ്ടനൂർ,<br>വനമ്പതി, തോട്ടം,<br>ഒഴലപ്പതി പോസ്റ്റ്,<br>പാലക്കാട്ജില്ല | 563/T1,563/T2 |
| 6 | മണി,<br>ശാന്തിലിംഗ നഗർ,<br>ഒഴലപ്പതി പോസ്റ്റ്,<br>പാലക്കാട്ജില്ല | 141/3 |
| 7 | ഗോപാലസ്വാമി,<br>അൺപൂർ, ഒഴലപ്പതി പോസ്റ്റ്,<br>പാലക്കാട്ജില്ല | 163 |
| 8 | സജിത്ത് &<br>പ്രസീന സജിത്ത്,<br>7/439, ശാന്തിലിംഗ നഗർ,<br>ഒഴലപ്പതി പോസ്റ്റ്, പാലക്കാട്ജില്ല | 34/1 |
| 9 | രത്നസ്വാമി, അനുപൂർ,<br>അപ്പകോവിൽകൊല്ലം ,<br>7/64, ഒഴലപ്പതി പോസ്റ്റ്,<br>പാലക്കാട്ജില്ല | 163/3 |
| 10 | രാമസ്വാമി,<br>അൺപൂർ, ഊർകൗണ്ടർ,<br>മേഴാറ്റുകുളം, ഒഴലപ്പതി പോസ്റ്റ്,<br>പാലക്കാട്ജില്ല | 174/22,173/20,<br>173/18,173/19<br>173/17,173/16<br>173/15,173/13<br>173/5,173/4 |
| 11 | ഉത്തരരാജ്, മനോജ് സുന്ദർ<br>&റാണി,<br>7/473, മലമ്പതികുളം,<br>ഒഴലപ്പതി പോസ്റ്റ്,<br>പാലക്കാട്ജില്ല | 150/5,150/1<br>150/3, 150/6 |

| | | |
|---|---|---|
| 12 | സമ്പത്ത്,<br>ശാന്തിലിംഗ നഗർ,<br>ഒഴലപ്പതി പോസ്റ്റ്, പാലക്കാട്ജില്ല | |

### *c) ആരാധനാലയങ്ങൾ നഷ്ടമാകൽ*

പദ്ധതിബാധിത പ്രദേശത്ത് വസിക്കുന്ന ജനങ്ങൾ ആരാധനയ്ക്ക് ഉപയോഗിക്കുന്ന പദ്ധതി പ്രദേശത്തുള്ള 2 ക്ഷേത്രങ്ങൾ ഏറ്റെടുക്കലിൽ ഉൾപ്പെട്ടിട്ടുണ്ട്.

### *d) ഉപജീവനമാർഗം നഷ്ടമാകൽ*

ഏറ്റെടുക്കപ്പെടുന്ന പ്രദേശത്ത് കാർഷിക പ്രവർത്തനങ്ങൾ നടക്കുന്നതിനാൽ കുടുംബങ്ങളുടെ ഉപജീവനമാർഗം നഷ്ടമാകുന്നുണ്ടെന്ന് മനസിലാക്കുന്നു. സർവ്വെയിൽ പങ്കെടുത്ത 23 കുടുംബങ്ങളിൽ 11 കുടുംബങ്ങൾ ഏറ്റെടുക്കപ്പെടുന്ന സ്ഥലത്ത് നടക്കുന്ന കാർഷിക പ്രവർത്തനങ്ങൾ തങ്ങളുടെ ഉപജീവനമാർഗമാണ് എന്ന് വെളിപ്പെടുത്തി. ആയതിനാൽ അവരുടെ ഉപജീവനമാർഗം നഷ്ടമാകും. കൂടാതെ പദ്ധതി പ്രദേശത്തെ പദ്ധതി ബാധിതമാകുന്ന ഫാമുകളിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്കും ഉപജീവനമാർഗം നഷ്ടമാകും

### *e) കാർഷിക പ്രവർത്തനങ്ങൾ പദ്ധതിബാധിതമാകൽ*

ഏറ്റെടുക്കപ്പെടുന്ന സ്ഥലങ്ങളിലെല്ലാം വിവിധ കാർഷിക പ്രവർത്തനങ്ങൾ നടന്നുവരുന്നതായി മനസിലാക്കുന്നു. പച്ചക്കറികൾ, വാഴ, തെങ്ങ് തുടങ്ങിയ കൃഷികളും ഫാമുകളും പദ്ധതിബാധിതമാകുന്നുണ്ട്. കൂടാതെ ഫലവൃക്ഷങ്ങൾ ഉൾപ്പടെ ഏകദേശം 3100 വക്ഷങ്ങൾ പദ്ധതിക്ക് വേണ്ടി വെട്ടിമാറ്റേണ്ടി വരും. സർവ്വെയിൽ പങ്കെടുത്ത കുടുംബങ്ങളുടെ പദ്ധതിബാധിതമാകുവാൻ ഇടയുള്ള കാർഷിക അനുബന്ധ സൗകര്യങ്ങളുടെ വിവരങ്ങൾ പട്ടിക 1.5.2.ൽ നൽകിയിരിക്കുന്നു

**പട്ടിക 1.5.2.: പദ്ധതിബാധിതമാകുന്ന കാർഷിക അനുബന്ധ സൗകര്യങ്ങൾ**

| **പേര്** | **എണ്ണം** |
|---|---|
| ഫാംഹൗസുകൾ | 16 |
| വിൻഡ് മിൽ | 1 |
| കുളങ്ങൾ | 7 |
| കിണർ | 12 |
| കുഴൽ കിണർ | 25 |

**കുറിപ്പ്**: മുകളിൽ പറഞ്ഞിരിക്കുന്ന വസ്തുതകൾ വിവരദാതാക്കളിൽനിന്നും ലഭിച്ചതാണ്. രേഖാപരമായി തെളിവുകൾ അധികാരികൾ പരിശോധിക്കേണ്ടതാണ്.

## 1.6. ലഘൂകരണനടപടികൾ

നാഷണൽ ഇൻവെസ്റ്റ്മെൻറ് ആൻറ് മാനുഫാക്ചറിംഗ് സോൺ പദ്ധതിക്ക് വേണ്ടി പാലക്കാട് ജില്ലയിലെ ഒഴലപ്പതി വില്ലേജിൽ നിന്ന് ഏകദേശം 250 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിൻെറ മേൽ പറഞ്ഞ പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 & കേരളഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015 പ്രകാരമുള്ള നഷ്ടപരിഹാരംപദ്ധതി ബാധിതരാകുന്ന ഭൂവുടമകൾക്ക് നൽകുക
- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ ഡിപ്പാർട്ട്മെൻറ് 23.09.2015 തീയതിയിൽ G.O(MS)No.485/2015/RD പ്രകാരവും, 29/12/2017 തീയതിയിൽ G.O(MS)No. 448/ 2017/RDപ്രകാരവും കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനഃര ധിവാസ പുനഃസ്ഥാപന പാക്കേജിനുള്ള പോളിസികൾ പ്രകാരം ആഘാത ബാധിതമാകുന്ന ചമയങ്ങൾ തിട്ടപ്പെടുത്തി പുനഃരധിവാസ-പുനഃസ്ഥാപന പാക്കേജ് നൽകുക
- കുടിഒഴിപ്പിക്കപ്പെടുന്ന കുടുംബങ്ങളുടെ പുനരധിവാസം സമയാധിഷ്ടിതമായി നടപ്പിലാക്കുകയും നിലവിൽ കുടുംബങ്ങൾ അനുഭവിച്ചു കൊണ്ടിരിക്കുന്ന സൗകര്യങ്ങളിൽ കുറവ് വരാതെയുള്ള താമസസൗകര്യം കുടുംബങ്ങൾക്ക് ലഭ്യമായി എന്ന് ഉറപ്പ് വരുത്തുകയും വേണം
- കുടുംബങ്ങളുടെ ആദ്ധ്യാത്മിക ജീവിതത്തിൻെറ ഭാഗമായ പദ്ധതിബാധിതമാകുന്ന ക്ഷേത്രങ്ങളുടെ പുനസ്ഥാപനം വേഗത്തിൽ നടപ്പിലാക്കണം

- പദ്ധതിപ്രദേശത്തിനടുത്തുള്ള കാർഷിക പ്രവർത്തനങ്ങളും ഫാമുകളിലേക്കുള്ള പ്രവേശനവും തടസപ്പെടാത്ത വിധത്തിലും പദ്ധതി നിർമ്മാണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണം
- കുടുംബങ്ങളുടെ ഉപജീവനമാർഗം കൂടുതലായും ആഘാത ബാധിതമാകാതിരിക്കുന്നതിന് പദ്ധതി ബാധിതമാകുന്ന ഫാം ഹൗസുകൾ നീക്കം ചെയ്യുന്നതിന് മുൻപേ പുനസ്ഥാപന നടപടികൾ സ്വീകരിക്കണം. നിർദ്ദിഷ്ട പദ്ധതിയിൽ ഉണ്ടാകുവാനിടയുള്ള അനുയോജ്യമായ തൊഴിൽ മേഖലകളിലേക്ക് ഉപജീവന മാർഗം നഷ്ടമാകുന്ന വ്യക്തികളുടെ പരിഗണനയും ശുപാർശ ചെയ്യുന്നു.
- പദ്ധതിയുടെ നിർമ്മാണ ഘട്ടത്തിലും പദ്ധതി നിർവ്വഹണത്തിനു ശേഷവും പാരിസ്ഥിതിക മലിനീകരണവും മറ്റ് ആരോഗ്യപ്രശ്നങ്ങളും കുറയ്ക്കുന്നതിനുള്ള നടപടികൾ കൈകൊള്ളണം.
- പദ്ധതിപ്രദേശത്തെ കാറ്റാടിയന്ത്രം കഴിയുന്ന വിധത്തിൽ സംരക്ഷിക്കണം
- പദ്ധതി നിർമ്മാണ മാലിന്യങ്ങൾ ശാസ്ത്രീയവും സമയാധിഷ്ടിതവുമായ് നിർമാർജനം ചെയ്യണം

# അദ്ധ്യായം 2
# പദ്ധതിയുടെ വിശദവിവരങ്ങൾ

## 2.1. പദ്ധതി നിർവ്വാഹകർ, നിയന്ത്രണ ഘടന എന്നിവ ഉൾപ്പെടെ പദ്ധതിയുടെ പശ്ചാത്തലം

മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ വിഹിതം ഒരു ദശകത്തിനുള്ളിൽ 25% ആയി ഉയർത്തുക, ഉത്പാദന ഘടനയിൽ 2022 ഓടെ 100 ദശലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യമിട്ട് ഇന്ത്യൻ സർക്കാർ 2011ലെ ദേശീയ ഉത്പാദന നയം പ്രഖ്യാപിച്ചു. നിയന്ത്രണം, അനുബന്ധസൗകര്യങ്ങൾ, നൈപുണ്യ വികസനം, സാങ്കേതിക വിദ്യ, ധനകാര്യ ലഭ്യത, നിർഗ്ഗമന പ്രക്രിയ, മറ്റു മേഖലകളുടെ വളർച്ചയുമായി ബന്ധപ്പെട്ട ഘടകങ്ങൾ എന്നിവയെ അഭിസംബോധന ചെയ്യുന്നതിനാൽ ഉത്പാദന മേഖലയെ സംബന്ധിച്ചിടത്തോളം ഈ നയം ആദ്യത്തേതാണ്. പാലക്കാടിന് സമീപമുള്ള ഒഴലപ്പതിയിൽ 250 ഏക്കറിൽ നിംസ് വികസിപ്പിക്കാൻ കിൻഫ്ര നിർദ്ദേശിക്കുന്നു. പദ്ധതി പ്രദേശങ്ങൾ സ്ഥിതി ചെയ്യുന്നത് പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിലെ ഒഴലപ്പതി ഗ്രാമത്തിലാണ്. തെങ്ങ്, പച്ചക്കറി, പുല്ല് മുതലായ കൃഷികൾക്ക് ഈ പ്രദേശം പ്രസിദ്ധമാണ്. പാലക്കാട് ജില്ലയിൽ വ്യവസായവത്കരണം ദ്രുതഗതിയിൽ ഏകീകരിക്കാൻ നിർദ്ദിഷ്ട പദ്ധതി വഴി ഒരുക്കും. കേരളത്തിലെ വ്യവസായിക വികസനം വളർത്തിയെടുക്കാൻ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക എന്ന ലക്ഷ്യത്തോടെയാണ് കിൻഫ്ര ഇതാരംഭിച്ചത്. അടിസ്ഥാന സൗകര്യ വികസന രംഗത്ത് കേരള സർക്കാർ സ്ഥാപിച്ച കിൻഫ്ര 1993 ൽ സ്ഥാപിതമായി. അന്നു മുതൽ സംസ്ഥാനത്തെ വ്യവസായിക അടിസ്ഥാന സൗകര്യ വികസനത്തിന് മുൻതൂക്കം നൽകി. വ്യവസായങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി സംസ്ഥാനത്തിന്റെ വ്യവസായിക വികസനം ത്വരിതപ്പെടുത്തുകയാണ് കിൻഫ്രയുടെ ലക്ഷ്യം. കിൻഫ്ര വികസിപ്പിച്ചെടുത്ത വ്യവസായ പാർക്കുകളിൽ വികസിത ഭൂമി അല്ലെങ്കിൽ കെട്ടിടം പണിയുക, സമർപ്പിത വൈദ്യുതി, തുടർച്ചയായ ജലവിതരണം, ഉയർന്ന നിലവാരമുള്ള റോഡുകൾ, ആശയ വിനിമയ സൗകര്യങ്ങൾ എന്നിവയുണ്ട്. കൂടാതെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, ബാങ്ക്, പോസ്റ്റ് ഓഫീസ്, മുഴുവൻ സമയ സെക്യൂരിറ്റി മുതലായ അനുബന്ധ സൗകര്യങ്ങൾ ഉണ്ട്. അതിനാൽ കുറഞ്ഞ

സമയവും ചെലവും ഉള്ള വ്യവസായിക യൂണിറ്റുകൾക്ക് എളുപ്പത്തിൽ സ്റ്റാർട്ടർ ഫണ്ടുകൾക്കായി ഒരു റെഡിമെയ്ഡ് നിർമ്മാണ അന്തരീക്ഷം നൽകുന്നു. കേരളത്തിനെയും പടിഞ്ഞാറൻ തമിഴ്നാടിനെയും രാജ്യത്തെ സാമ്പത്തിക വ്യവസായിക ഇടനാഴികളുടെ ശൃംഖലയുമായി സംയോജിപ്പിക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ലോകോത്തര സേവന വ്യവസായത്തിലൂടെ നിലവിലുള്ളതും വരാനിരിക്കുന്നതുമായ ഉത്പാദന യൂണിറ്റുകൾക്ക് സൗകര്യം ഒരുക്കുന്ന ഉത്പാദനത്തിന്റെ വിഹിതം വർദ്ധിപ്പിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ച് മേഖലയിലെ ആസൂത്രിതമായ എല്ലാ സംഭവ വികാസങ്ങളും സമന്വയിപ്പിക്കാൻ നിർദ്ദിഷ്ട പദ്ധതി ഉദ്ദേശിക്കുന്നു.

## 2.2. നിയമത്തിൽ പ്രതിപാദിക്കുന്ന പൊതുതാൽപര്യത്തിന് പദ്ധതി എങ്ങിനെ അനുയോജ്യമാകുന്നു എന്നതുൾപ്പടെ പദ്ധതിയുടെ യുക്തി

കേരളം പല വിധത്തിൽ ഇന്ത്യയുടെ മറ്റു ഭാഗങ്ങൾക്ക് മാതൃകയാണ്. സാക്ഷരത നിലവാരത്തിലും മാനവ വികസന സൂചികകളിലും തെക്കൻ സംസ്ഥാനം സ്ഥിരമായി ഒന്നാമതാണ്. നിംസിന്റെ വരവ് തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും പ്രദേശത്തിന്റെ സമഗ്ര വികസനത്തിനും കാരണമാകും. പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിലെ ഒഴലപ്പതിയിൽ 250 ഏക്കർ സ്ഥലത്ത് ദേശീയ നിക്ഷേപ നിർമ്മാണ മേഖല(നിംസ്) സ്ഥാപിക്കുക എന്നതാണ് നിർദ്ദിഷ്ട പദ്ധതി.. നിംസ് പദ്ധതി നടപ്പിലാക്കുന്നതിനായി കേരള ഗവൺമെന്റ് ആണ് കിൻഫ്രയെ ചുമതലപ്പെടുത്തിയിരിക്കുന്നത്. കൂടാതെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 2(1)(b)iii അനുശാസിക്കുന്ന പ്രകാരം പ്രസ്തുത പദ്ധതി പൊതു താൽപര്യത്തിൽകീഴിൽവരുന്നു.

## 2.3 പദ്ധതിയുടെ സ്ഥലം, വലിപ്പം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ

പാലക്കാട് ജില്ലയിലെ ഒഴലപ്പതി വില്ലേജിൽ ബ്ലോക്ക് നമ്പർ 28 ൽ ഉൾപ്പെടുന്ന 55 സർവ്വെ നമ്പറുകളിൽ ഉൾപ്പെടുന്ന ഏകദേശം 250 ഏക്കർ സ്ഥലത്താണ് നിർദ്ദിഷ്ട പദ്ധതി നടപ്പിലാക്കുന്നത്.

തൊഴിൽ നിക്ഷേപത്തിനും പ്രാദേശിക സമ്പദ് വ്യവസ്ഥയുടെ വികസനത്തിനും ഉതകുന്ന ദേശീയ നിക്ഷേപ നിർമ്മാണ മേഖല സ്ഥാപിക്കുന്നതിനായിട്ടാണ് കിൻഫ്ര നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ നടപ്പിലാക്കുന്നത്.

16/01/2020 തീയതിയിലെ G.O (M.S) No. 15/2020/ID ഉത്തരവ് പ്രാകാരം പാലക്കാട് ജില്ലയിൽ ഇൻഡസ്ട്രിയൽ കോറിഡോർ പദ്ധതിക്കു വേണ്ടി 1038 കോടി രൂപ കേരള ഇൻഫ്രസ്ട്രക്ചർ ഇൻവെസ്റ്റ്മെൻറ് ഫണ്ട് ബോർഡിൽ (കിഫ്ബി) നിന്ന് അനുമതി ലഭിച്ചു.

**2.4 ഇതര മാർഗ്ഗങ്ങൾ പരിശോധിക്കൽ**

നിർദ്ദിഷ്ട പ്രദേശത്ത് ജനവാസം കുറവും, ജലത്തിൻെറയും വൈദ്യുതിയുടെയും ലഭ്യതയും ഉള്ളതിനാൽ ടി പ്രദേശം പദ്ധതിക്ക വേണ്ടി തെരഞ്ഞെടുത്തത് എന്ന് അർത്ഥനാധികാരി പ്രസ്താവിക്കുന്നു

**2.5 പദ്ധതി നിർമ്മാണ ഘട്ടങ്ങൾ**

പാലക്കാട് ജില്ലയിലെ വിവിധ അടിസ്ഥാന സൗകര്യങ്ങൾ, ബിസിനസ്സ് സംരംഭങ്ങൾ എന്നിവ വികസിപ്പിക്കുന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഒരു പ്രമുഖ വ്യവസായ കേന്ദ്രമായി ജില്ലയെ വികസിപ്പിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. വ്യവസായിക പാർക്കും പ്രദേശത്തെ സാമൂഹികവും, സാമ്പത്തികവുമായ വികസനം, വ്യവസായിക വത്കരണത്തിൻെറ ഫലമായി ജനങ്ങളുടെ ജീവിത നിലവാരം ഗണ്യമായി വർദ്ധിക്കും. തൊഴിലവസരങ്ങൾ വർദ്ധിക്കുന്നത് ജില്ലയുടെ പ്രധാന നേട്ടമാണ്. ഊർജ്ജം സംരക്ഷിച്ചും ഇതര സാങ്കേതിക വിദ്യകൾ ഉപയോഗിച്ചും പദ്ധതി പരിസ്ഥിതി സൗഹൃദ സമീപനം സ്വീകരിക്കും.

**2.6 പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങൾ**

ഏറ്റെടുക്കുന്ന സ്ഥലത്തെ സോണുകളാക്കി തിരിച്ച് ഊർജ്ജസ്വലവും കാര്യക്ഷമ വുമായ സാങ്കേതിക വിദ്യയുടെ അടിസ്ഥാനത്തിൽ അടിസ്ഥാന സൗകര്യങ്ങൾ, നൈപുണ്യ വികസന സൗകര്യങ്ങൾ എന്നിവയും അത്യാധുനിക സൗകര്യങ്ങളോടു കൂടിയ വ്യവസായിക ടൗൺഷിപ്പുകളും സൃഷ്ടിച്ച് പ്രാഥമിക മേഖലകളിൽ നിന്ന് ദ്വിതീയവും ത്രിതീയവുമായ മേഖലകളിലേക്ക് മാറുവാൻ ആഗ്രഹിക്കുന്ന വ്യക്തികൾക്ക്

ഉത്പാദനപരമായ അന്തരീക്ഷം ഒരുക്കി കൊടുക്കുന്നവിധത്തിലായിരിക്കും പദ്ധതി വിഭാവനം ചെയ്യുന്നത്.

**2.7 അനുബന്ധ സൗകര്യങ്ങളുടെ ആവശ്യകത**

കിൻഫ്ര ഏറ്റെടുക്കുന്ന ഭൂമി സംസ്ഥാനത്തെ മറ്റു വ്യവസായ പാർക്കുകളെ പോലെ ആവശ്യകത അനുസരിച്ച് വിഭാവനം ചെയ്യും.

**2.8 ആവശ്യമായ തൊഴിൽ ശക്തി**

പദ്ധതിനടപ്പിലാക്കുന്നതിന്റെ ഉചിതമായ ഘട്ടങ്ങളിൽ താത്കാലികവും സ്ഥിരവുമായ തൊഴിൽ സേനയെ ആധുനിക യന്ത്രങ്ങളും ഉപകരണങ്ങളും ഉപയോഗിച്ച് പദ്ധതി നിർവ്വഹണം നടപ്പിലാക്കും.

**2.9. മുൻപേ നടത്തിയ പഠനങ്ങളുടെ വിവരങ്ങൾ**

പദ്ധതിക്ക് വേണ്ടി സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനം/പരിസ്ഥിതി ആഘാത വിലയിരുത്തൽ പഠനം എന്നിവ മുൻപേ നടത്തിയതായ വിവരങ്ങൾ ലഭ്യമല്ല.

**2.10 ബാധകമായ നിയമങ്ങളും നയങ്ങളും**

പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിലെ ഒഴലപ്പതി ഗ്രാമ പ്രദേശത്ത് നിംസ് പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ പുനരധിവാസം, പുനസ്ഥാപനം എന്നിവയെ സംബന്ധിക്കുന്ന നിയമങ്ങൾ ചുവടെ ചേർക്കുന്നു.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013
- കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യ തയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015
- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013ന്റെ വെളിച്ചത്തിൽ കേരള സർക്കാർ-റവന്യൂ(ബി) വകുപ്പ് 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/2015/RD പ്രകാരമുള്ള സംസ്ഥാന സർക്കാരിന്റെ നയം

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013ന്റെ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ(ബി) വകുപ്പിന്റെ 29/12/2017 തീയതിയിലെ G.O(MS No.448/2017/RD പ്രകാരം പുറപ്പെടുവിച്ച സംസ്ഥാന സർക്കാരിന്റെനയം
- വിവരവകാശ നിയമം 2005.

# അദ്ധ്യായം 3

## പഠന സംഘം, പഠന സമീപനം, പദ്ധതിശാസ്ത്രം

ചിറ്റൂർ താലൂക്കിൽ ഉൾപ്പെട്ട ഒഴലപ്പതി വില്ലേജിൽ നിന്നും ഏകദേശം 250 ഏക്കർ ഭൂമി കിൻഫ്രയ്ക്ക് ദേശീയനിക്ഷേപ നിർമ്മാണ മേഖല സ്ഥാപിക്കുന്നതിന് വേണ്ടി ആവശ്യമായി വന്നേക്കാം എന്ന കേരള സർക്കാർ റെവന്യൂ (ബി) ഡിപ്പാർട്ട്മെൻറിൻെറ 14/08/2020 തീയതിയിലെ വിജ്ഞാപനം G.O.(P)No.53/ 2020/ RD17/08/2020 തീയതിയിലെ കേരള ഗസറ്റ് (അസാധാരണം) നമ്പർ 1846 ൽ പ്രസിദ്ധപ്പെടുത്തി. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 4 അനുശാസിക്കുന്ന സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിന് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റായ രാജഗിരി ഔട്ട്റീച്ച്, രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ്സസ്, കളമശ്ശേരിയെ ടി വിജ്ഞാപന പ്രകാരം ചുമതലപ്പെടുത്തിയിരിക്കുന്നു. ആയതിനാൽ പ്രസ്തുത പഠനം നടത്തുന്നതിന് ഇത്തരം പഠനങ്ങൾ നടത്തിയ പരിചയ സമ്പന്നരായ വ്യക്തികളെ ഉൾപ്പെടുത്തി, ഓരോരുത്തർക്കും പ്രത്യേക ചുമതലകൾ നൽകി ഒരു പഠന സംഘം സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റ് ഒരു പഠന സംഘം രൂപീകരിച്ചു.

### 3.1 പഠന സംഘാംഗങ്ങളുടെ വിദ്യാഭ്യാസ യോഗ്യത ഉൾപ്പടെയുള്ള വിവരങ്ങൾ

.സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റായ രാജഗിരി ഔട്ട്റീച്ച് പ്രൊജക്ട് ഡയറക്ടർ ആണ് ചെയർപേഴ്സൺ എന്ന നിലയിൽ പഠന സംഘത്തിന് നേതൃത്വം നൽകുന്നത്. പഠന സംഘത്തിൻെറ വിവരങ്ങൾ പട്ടിക 3.1 ൽ രേഖപ്പെടുത്തിയിരിക്കുന്നു. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിലും സാമൂഹ്യ സാമ്പത്തിക സർവ്വേയിലും അനുഭവ സമ്പത്തുള്ള 13 അംഗങ്ങളടങ്ങുന്ന ഒരു സംഘമാണ് പഠനം നടത്തിയത്. പഠന സംഘത്തിൻെറ വിവരങ്ങൾ പട്ടിക 3.1 ൽ രേഖപ്പെടുത്തിയിരിക്കുന്നു.

**പട്ടിക 3.1.1 പഠന സംഘം**

| ക്രമ നമ്പർ | പേര് | വിദ്യാഭ്യാസ യോഗ്യത പദവി | പ്രവർത്തനപരിചയം |
|---|---|---|---|
| 1 | ഡോ:ബിനോയ് ജോസഫ് | പി.എച്ച്.ഡി.. എം.എ(എച്ച്.ആർ.എം) , എൽ.എൽ.ബി. കൺസൾട്ടൻറ് | അദ്ധ്യാപന/ഗവേഷണ മേഖലയിൽ 26 വർഷത്തെ പ്രവർത്തന പരിചയം |
| 2. | ഡോ.ഫാ:സാജു.എം.ഡി | എം.ഫിൽ. പി.എച്ച്.ഡി കൺസൾട്ടൻറ് | അദ്ധ്യാപന/ഗവേഷണ മേഖലയിൽ 13 വർഷത്തെ പ്രവർത്തന പരിചയം |
| 3. | ഫാ.ഷിൻേറാ ജോസഫ് | എം.എസ്.ഡബ്ല്യൂ കൺസൾട്ടൻറ് | അദ്ധ്യാപന/ഗവേഷണ/ വികസനമേഖലയിൽ 10 വർഷത്തെ പ്രവർത്തന പരിചയം |
| 4 | മീന കുരുവിള | എം.എസ്.ഡബ്ല്യൂ ചെയർപേഴ്സൺ | വികസനമേഖലയിൽ 33 വർഷത്തെ പ്രവർത്തന പരിചയം |
| 5 | ലിൻേറ ചാക്കോ | എം.എ, പി.ജി.ഡി.എ.എച്ച്.എസ്, റിസേർച്ച് അസ്സോസിയേറ്റ് | വികസനമേഖലയിൽ 16 വർഷത്തെ പ്രവർത്തന പരിചയം |
| 6 | ലിജിവി.ഇ | എം.എസ്.ഡബ്ല്യൂ റിസേർച്ച് അസ്സോസിയേറ്റ് | വികസനമേഖലയിൽ 22 വർഷത്തെ പ്രവർത്തന പരിചയം |

| | | | |
|---|---|---|---|
| 7 | ബിജു സി.പി. | ബി.എ, ഡവലപ്മെൻറ് ഓഫീസർ റിസേർച്ച് അസ്സോസിയേറ്റ് | വികസനമേഖലയിൽ 29വർഷത്തെ പ്രവർത്തന പരിചയ |
| 8. | മരിയ ടെൻസി വി.എസ് | എം.എ, ഡി.എസ്.എസ്. റിസേർച്ച് അസ്സോസിയേറ്റ് , | വികസന മേഖലയിൽ 29വർഷത്തെ പ്രവർത്തന പരിചയം |
| 9. | ആൽബിൻ നോബിൾ | എം.എസ്.ഡബ്ല്യൂ റിസേർച്ച് അസ്സോസിയേറ്റ് | വികസന മേഖലയിൽ 2 വർഷത്തെ പ്രവർത്തന പരിചയം |
| 10 | ജോർജ് വി.എ. | എം.എസ്.ഡബ്ല്യൂ റിസേർച്ച് അസ്സോസിയേറ്റ് | വികസനമേഖലയിൽ 33വർഷത്തെ പ്രവർത്തന പരിചയ |
| 11. | എലിസബത്ത് പെനെലോപ്പ് ലോബോ | എം.ബി.എ. റിസേർച്ച് അസ്സോസിയേറ്റ് | 33 വർഷത്തെ പ്രവർത്തന പരിചയം |
| 12 | ഫിലോമിന കെ.എ. | ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 27 വർഷത്തെ പ്രവർത്തന പരിചയം |
| 13 | ഇന്ദിര വി. വി.. | ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 29 വർഷത്തെ പ്രവർത്തന പരിചയം |

**3.2.പഠനത്തിനുപയോഗിച്ച പദ്ധതിശാസ്ത്രം, സാങ്കേതികരീതി എന്നിവയെക്കുറിച്ചുള്ള വിവരണവും, അത് ഉപയോഗിച്ചതിൻെറ യുക്തിയും, പഠനത്തിനുവേണ്ട വിവരശേഖരണം നടത്തിയ രീതിയും**

പദ്ധതി ബാധിത കുടുംബങ്ങളുടെയും, വ്യക്തികളുടെയും, പദ്ധതിബാധിത വസ്തുവകകളുടെയും എണ്ണം തിട്ടപ്പെടുത്തുക, പദ്ധതി മൂലമുണ്ടാകുന്ന സാമൂഹ്യ പ്രത്യാഘാത

ങ്ങൾ കണ്ടെത്തുക കൂടാതെ സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പദ്ധതി തയ്യാറാക്കുകയും ചെയ്യുക എന്നുള്ളതാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ ഉദ്ദേശ്യം. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിനാവശ്യമായ വിവര ശേഖരണത്തിന് പ്രാഥമികവും ദ്വിതീയവുമായ മേഖലകൾ അപഗ്രഥനം ചെയ്യേണ്ടതുണ്ട്. പദ്ധതിപ്രദേശത്ത് പ്രാഥമിക സന്ദർശനവും നിരീക്ഷണവും നടത്തിയതിന്റെ അടിസ്ഥാനത്തിൽ പദ്ധതിബാധിത കുടുംബങ്ങളിൽ നിന്ന് വിവരശേഖരണം നടത്തുന്നതിന് ഒരു ചോദ്യാവലി തയ്യാറാക്കി. കുടുംബ ങ്ങളുടെ സാമൂഹ്യ-സാമ്പത്തിക പശ്ചാത്തലം, ജനസംഖ്യാപരമായ വിവരങ്ങൾ, പദ്ധതിബാധിതമാകുന്ന വസ്തുവകകളുടെ വിവരങ്ങൾ, പദ്ധതിയെക്കുറിച്ചും ഭൂമി ഏറ്റെടുക്കലിനെക്കുറിച്ചും കുടുംബങ്ങളുടെ അഭിപ്രായങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന ചോദ്യങ്ങൾ ചോദ്യാവലിയിൽ ഉൾപ്പെടുത്തിയിരുന്നു. പിന്നീട് ടി ചോദ്യാവലി ഉപയോഗിച്ച് സാമൂഹ്യ-സാമ്പത്തിക സർവ്വെയിലൂടെ പദ്ധതി ബാധിത കുടുംബ ങ്ങളിൽ നിന്ന് പ്രാഥമിക വിവരങ്ങൾ ശേഖരിച്ചു. പദ്ധതിബാധിത പ്രദേശത്ത് താമസമില്ലാത്ത ഭൂവുടമകളിൽ നിന്ന് ടെലഫോണിലൂടെ വിവരങ്ങൾ ശേഖരിച്ചു.

അർത്ഥനാധികാരിയിൽ നിന്നും ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ കാര്യാലയത്തിൽ നിന്നുമാണ് ദ്വിതീയ വിവരങ്ങൾ ലഭിച്ചത്.

പഠനത്തിൽ ശേഖരിച്ച വിവരങ്ങളും നിഗമനങ്ങളും ശാസ്ത്രീയമായി വിശകലനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യ പ്രത്യാഘാത ലഘൂകരണപദ്ധതി ഉൾക്കൊള്ളുന്ന സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ കരട് രേഖ തയ്യാറാക്കി. തുടർന്ന് ജനുവരി 13, 2021 തീയതിയിൽ ക്ഷീരോൽപാദക സഹകരണസംഘം, ശാന്തലിംഗം നഗർ, ഒഴലപ്പതിയിൽ ഒരു പബ്ലിക് ഹിയറിങ്ങ് നടത്തുന്നു. ടി ഹിയറിങ്ങിന്റെ നോട്ടീസ് പദ്ധതിബാധിതർക്ക് നൽകുകയും പ്രദേശത്ത് വിവരപ്രചരണം നടത്തുകയും ചെയ്തിട്ടുണ്ട്

**പഠനത്തിന്റെ വിവിധ ഘട്ടങ്ങൾ താഴെ വിവരിക്കുന്നു:**

- കിൻഫ്രയിൽ നിന്നും പാലക്കാട് കളക്ട്രേറ്റിൽ നിന്നും ലഭ്യമായ രേഖകളുടെ പഠനം

- പദ്ധതി പ്രദേശം സന്ദർശിക്കൽ
- സാമൂഹ്യ-സാമ്പത്തിക സർവ്വെയും ആഘാതബാധിത വസ്തുവകകളുടെ തിട്ടപ്പെടുത്തലും
- സാമൂഹ്യ-സാമ്പത്തിക സർവ്വെയിൽ ലഭ്യമായ വിവരങ്ങളുടെ വിശകലനം
- കരട് രേഖ തയ്യാറാക്കൽ
- ജനുവരി 13, 2021 ൽപബ്ലിക് ഹിയറിങ്ങ്നടത്തപ്പെടുന്നു

**3.3 പഠനത്തിനുപയോഗിച്ച മാതൃകാപരിശോധനാ രീതി**

ഓരോരുത്തരും പദ്ധതിയ്ക്കു വേണ്ടി കൈമാറേണ്ട സ്ഥലത്തിൻെറയും തന്മൂലമുണ്ടാ യേക്കാവുന്ന പ്രത്യാഘാതത്തിൻെറയും അളവ് ഓരോ വ്യക്തികൾക്കും വ്യത്യസ്തമാകയാൽ മാതൃകാ പരിശോധനാ രീതിയേക്കാൾ സാമൂഹ്യ സാമ്പത്തിക സർവ്വേയാണ് പഠനത്തിന് അഭികാമ്യമാകുന്നത്. എന്നിരുന്നാലും ഭൂവുടമകളിൽ പലരും പ്രദേശത്ത് താമസമില്ലാ ത്തതിനാലും അവരെ ബന്ധപ്പെടുവാനുള്ള വിലാസം ലഭ്യമല്ലാത്തതിനാലും സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘത്തിന് പദ്ധതിപ്രദേശത്ത് താമസിക്കുന്ന 12 കുടുംബങ്ങൾ ഉൾപ്പടെ 23 കുടുംബങ്ങളെ മാത്രമേ പഠനത്തിൽ ഉൾപ്പെടുത്തുവാൻ കഴിഞ്ഞിട്ടുള്ളു.

**3.4. വിവര സ്രോതസ്സുകളുടെയും വിവരങ്ങളുടെയും വിശകലനം**

ആഘാത ബാധിതരിൽ നിന്ന് സാമൂഹ്യ-സാമ്പത്തിക പ്രത്യാഘാത സർവ്വെയിലൂടെ വിവരങ്ങൾ ശേഖരിക്കുന്നതിനായി ഒരു തനതായ ചോദ്യാവലി തയ്യാറാക്കുകയും പരിശോധിച്ച് സ്ഥിരീകരിക്കുകയും ചെയ്തു. ജനസംഖ്യാപരം, സാമ്പത്തിക, കുടുംബം, ഉപജീവനമാർഗ്ഗം, പദ്ധതി ബാധിതമാകുന്ന വസ്തുവകകളുടെ വിവരം, പ്രത്യാഘാത ത്തിൻെറ അളവ് എന്നീവിവരങ്ങൾ ലഭ്യമാകുന്ന ചോദ്യങ്ങൾ ആണ് ചോദ്യാവലിയിൽ ഉൾപ്പെടുത്തിയിരുന്നത്.

പഠന സംഘാംഗങ്ങൾ ഗുണപരവും പാരിമാണികവുമായ പ്രാഥമിക വിവരങ്ങളും ദ്വിതീയ വിവരങ്ങളും ശാസ്ത്രീയമായി ശേഖരിക്കുകയും വിശകലനം നടത്തുകയും ചെയ്തു. പദ്ധതി ബാധിത കുടുംബങ്ങളിൽ നിന്ന് ചോദ്യാവലി ഉപയോഗിച്ചാണ് പ്രാഥമിക വിവരങ്ങൾ ശേഖരിച്ചത്.അർത്ഥനാധികാരിയിൽ നിന്നും ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ

കാര്യാലയത്തിൽ നിന്നുംദ്വിതീയവിവരങ്ങളുംശേഖരിച്ചു. ലഭ്യമായപ്രതികരണങ്ങളും ശേഖരിച്ച വിവരങ്ങളും വിശകലനം ചെയ്യതിന്റെ വെളിച്ചത്തിൽ ലഭിച്ച കണ്ടെത്തലുകൾ നിർദ്ദേശ ങ്ങളോടൊപ്പം റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**3.5.തൽപ്പരകക്ഷികളുമായുള്ള കൂടിക്കാഴ്ച്ചയും പബ്ലിക് ഹിയറിങ്ങിനെക്കുറിച്ചുള്ള വിവരണവും**

പഠനത്തിന്റെ ഭാഗമായി വിവിധ യോഗങ്ങളുംഅഭിമുഖങ്ങളും ചർച്ചകളുംനടത്തുകയുണ്ടായി.ഇവയെക്കുറിച്ചുള്ള വിവരങ്ങൾ പട്ടിക 3.5.1ൽ ചേർക്കുന്നു

**പട്ടിക 3.5.1 യോഗങ്ങളുടെ സമയക്രമം**

| തീയതി | പ്രവർത്തനം/മീറ്റിംഗ് |
|---|---|
| **16.10.2020** | പ്രാരംഭ പഠനം |
| 24.11.2020<br>25.11.2020 | പദ്ധതിപ്രദേശത്ത് സാമൂഹ്യ സാമ്പത്തികസർവ്വെ |
| 25.11.2020 | ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ ഉദ്യോഗസ്ഥനുമായുള്ള കൂടി കാഴ്ച |
| ഒക്ടോബർ & നവംബർ 2020 | ഭൂവുടമകളുമായ് ടെലഫോണിൽ സർവ്വെ |
| **08.01.2021** | പബ്ലിക് ഹിയറിങ്ങ് നോട്ടീസ് വിതരണം |
| **13.01.2021** | പബ്ലിക്ക് ഹിയറിംഗ് |

| KINFRA NIMZ പാലക്കാട്, ഒഴലപ്പതി<br>തീയതി : 13.01.2021<br>സ്ഥലം : ശാന്തലിംഗ നഗർ, ക്ഷീരോത്പാദക സഹകരണ സംഘം, ഒഴലപ്പതി<br>പദ്ധതിബാധിതരാകുന്ന ഭൂവുടമകൾ പബ്ലിക് ഹിയറിങ്ങിൽ ഉന്നയിച്ച ചോദ്യങ്ങൾ | | | |
|---|---|---|---|
| ക്രമ നമ്പർ | അഭിപ്രായം പറയുന്ന വ്യക്തിയുടെ പേര്, സർവ്വെ നമ്പർ | അഭിപ്രായം/ ആശങ്ക | ബന്ധപ്പെട്ട ഉദ്യോഗ സ്ഥന്റെ മറുപടി |
| 1 | മലയാള മനോരമ<br>28/170<br>28/145, 28/146 | 28/170 സർവ്വേനമ്പരിൽ ഉൾപ്പെട്ട് കിടക്കുന്ന ഭൂമിയിലാണ് കേരള സർക്കാർ അനുമതിയോടെ കാറ്റാടി യന്ത്രങ്ങൾ സ്ഥാപിച്ചിട്ടുള്ളത്. അവിടെ 56.5 റേഡിയസ് സ്ഥലം നിയമ പ്രകാരം ക്ലിയർ ചെയ്ത് ഇടേണ്ടതാണ്. ആയതിനാൽ ടി സർവ്വേ നമ്പരിൽ ഉൾപ്പെടുന്ന സ്ഥലം ഒഴിവാക്കി തരണം. 28/145, 28/146 സർവ്വെ നമ്പരിൽ ഉൾപ്പെടുന്ന സ്ഥലത്തിന് ന്യായമായ നഷ്ട പരിഹാരം കിട്ടിയാൽ വിട്ടു കൊടു ക്കുവാൻ തയ്യാറാണ്. | |
| 2 | രക്ന സ്വാമി<br>163 | സ്ഥലം വിട്ടു കൊടുക്കുവാൻ താൽപര്യമില്ല | |
| 3 | കാളിമുത്ത്<br>351,352 | സ്ഥലം വിട്ടു കൊടുക്കുവാൻ താൽപര്യമില്ല | |
| 4 | പഞ്ചലിംഗം | സ്ഥലം വിട്ടു കൊടുക്കുവാൻ താൽപര്യമില്ല | |
| 5 | മുരുകേശ്<br>177 | സ്ഥലം വിട്ടു കൊടുക്കുവാൻ താൽപര്യമില്ല | |
| 6 | ബിജു സേവ്യർ<br>134,146 | ന്യായമായ നഷ്ടപരിഹാരം കിട്ടിയാൽ വിട്ടുകൊടുക്കുവാൻ തയ്യാറാണ്. | |
| 7 | കെ.ജി.പി.ഗ്രാനൈറ്റസ്<br>(കെ.പി.ഷേവിസ്, കാലടി) | ന്യായമായ നഷ്ടപരിഹാരം കിട്ടിയാൽ വിട്ടുകൊടുക്കുവാൻ തയ്യാറാണ്. | |

| | | | |
|---|---|---|---|
| | 17/4,18/4, 19/2-1, 20/1, 20/3, 6/2-3, 17/5, 17/7, 18/2, 19/1-1, 20/2 | | |
| **8** | ഉത്തര രാജ് | സ്ഥലം വിട്ടു കൊടുക്കുവാൻ താൽപര്യമില്ല | |
| **9** | രാജ് പ്രഭു<br>46,47 | സ്ഥലം വിട്ടു കൊടുക്കുവാൻ താൽപര്യമില്ല | |
| **10** | സമ്പത്ത്<br>47/1, 45/4 | സ്ഥലം വിട്ടു കൊടുക്കുവാൻ താൽപര്യമില്ല | |
| **11** | മണി<br>141/3 | സ്ഥലം വിട്ടു കൊടുക്കുവാൻ താൽപര്യമില്ല | |
| **12** | ജി.ബാലകൃഷ്ണൻ<br>16,14 | സ്ഥലം വിട്ടു കൊടുക്കുവാൻ താൽപര്യമില്ല. ഭൂരിപക്ഷം പേരും താത്പര്യമില്ലാത്തവരാണ്. തെങ്ങ് പോയാൽ നാടിനു നഷ്ടം, ദേശ ത്തിനു നഷ്ടം. എത്ര രൂപ സെൻറി നു കിട്ടുമെന്ന് അറിയണം | |
| **13** | പ്രദീപ് കുമാർ<br>14,16 | വെള്ളമില്ലാത്ത സ്ഥലം കിട്ടിയാൽ കൃഷി ചെയ്യാൻ തയ്യാറല്ല. നഷ്ട പരിഹാരം കിട്ടുന്ന വിലയ്ക്ക് കൃഷി ചെയ്യാനുള്ള സ്ഥലം കിട്ടുകയില്ല. ബിസിനസ്സ് അറിയില്ല. കൃഷി തന്നെ യാണ് ഉപജീവനം. സ്ഥലം വിട്ടു കൊടുക്കുവാൻ താൽപര്യമില്ല. | |
| **14** | രാമസ്വാമി | വീട്, പശു (6), ഫാം ഹൗസ്, കൃഷിയിടം ഇവ നഷ്ടമാക്കി നാട് വിട്ടു പോകാൻ തയ്യാറല്ല. എത്ര രൂപ സെൻറിനു കിട്ടുമെന്ന് അറിയണം. മാനുഷിക പരിഗണന വേണം | |
| **15** | മുത്തുകുമാർ സ്വാമി<br><br>21/1,22,23,26.2,34/3, 24/1,33/1, | ക്രഷർ യൂണിറ്റ്, തെങ്ങിൻതോപ്പ്, വീട്, കിണർ ഇവ നഷ്ടമാകും. സ്ഥലം വിട്ടുകൊടുക്കുവാൻ താൽപര്യമില്ല. | |
| **16** | ശക്തിവേലു<br>171 | ന്യായമായ നഷ്ടപരിഹാരം കിട്ടിയാൽ വിട്ടുകൊടുക്കുവാൻ തയ്യാറാണ്. | |
| **17** | ഗുണചിത്ര<br>171/1 | ന്യായമായ നഷ്ടപരിഹാരം കിട്ടിയാൽ വിട്ടുകൊടുക്കുവാൻ തയ്യാറാണ് . | |
| **18** | കൃഷ്ണസ്വാമി | സ്ഥലം വിട്ടുകൊടുക്കുവാൻ | |

| | | | |
|---|---|---|---|
| | 181 | താൽപര്യമില്ല. | |
| **19** | രാമത്താൾ മുതൽപേർ (ശാന്താമണി, മുത്തുലക്ഷ്മി, സുമതി) 49/2,156,146,145/3 | ന്യായമായ നഷ്ടപരിഹാരം കിട്ടിയാൽ വിട്ടുകൊടുക്കുവാൻ തയ്യാറാണ് | |
| **20** | രാധാകൃഷ്ണൻ S/o.മായൻ | ന്യായമായ നഷ്ടപരിഹാരം കിട്ടിയാൽ വിട്ടുകൊടുക്കുവാൻ തയ്യാറാണ് | |
| **21** | ഗോപാല സ്വാമി 163 | സ്ഥലം വിട്ടുകൊടുക്കുവാൻ താൽപര്യമില്ല. | |

# അദ്ധ്യായം 4

# സ്ഥലത്തിൻെറ മൂല്യ നിർണ്ണയം

### 4.1. ഭൂപടത്തിൻെറയും സ്ഥലത്തെ പ്രാഥമിക സ്രോതസ്സുകളുടെയും സഹായത്തോടെ പദ്ധതിപ്രദേശത്തിൻെറ വിവരണം

കിൻഫ്രയ്ക്ക് വേണ്ടി പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിലെ ഒഴലപ്പതി വില്ലേജിൽ നാഷണൽ ഇൻവെസ്റ്റ്മെൻറ് &മാനുഫാക്ചറിംഗ് സോൺ (നിംസ്) നിർമ്മിക്കുക എന്നതാണ് നിർദ്ദിഷ്ട പദ്ധതി.പദ്ധതിയ്ക്കായി കണ്ടെത്തിയ പ്രദേശം സർക്കാർ ഉടമസ്ഥതയിലും, സ്വകാര്യ ഉടമസ്ഥതയിലും,കൃഷിഭൂമി, പുരയിടം എന്നീ വിഭാഗത്തിൽ പെടുന്ന സ്ഥലങ്ങളാണ്.ടി പദ്ധതി പ്രദേശത്ത് 2 ക്ഷേത്രങ്ങളും, 2 കാറ്റാടിയുംസ്ഥിതി ചെയ്യുന്നുണ്ട്.

**ചിത്രം4.1പദ്ധതി പ്രദേശത്തിൻെറ മാപ്പ്**



*പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിൽ* ഒഴലപ്പതി വില്ലേജിൽ നാഷണൽ ഇൻവെസ്റ്റ്മെൻറ് &മാനുഫാക്ചറിംഗ് സോൺ (നിംസ്) *പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ*

**4.2.പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിൽ പ്രത്യാഘാത ബാധിതമാകുന്ന പ്രദേശം**

പദ്ധതിക്കായി ഏറ്റെടുക്കുന്ന സ്ഥലം പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിലെ ഒഴലപ്പതി വില്ലേജിൽ സ്ഥിതി ചെയ്യുന്നു. പദ്ധതി പ്രദേശത്തെ 2 ക്ഷേത്രങ്ങളും, 2 കാറ്റാടിയും, 16 ഫാം ഹൗസുകളും പദ്ധതി ബാധിതമാകുന്നുണ്ട് അതുകൊണ്ടു തന്നെ ഫാം ഹൗസിൽ ജോലി ചെയ്യുന്ന കർഷകരുടെയും ഫാം ഹൗസിൻെറ ഉടമസ്ഥരുടെയും ഉപജീവനത്തെ പദ്ധതി സാരമായി ബാധിക്കുന്നു. സ്ഥലം ഏറ്റെടുക്കുന്നതു മൂലം ടി പ്രദേശത്തെ കുടിവെള്ളത്തെയും കുടിവെള്ളവിതരണ ശൃംഖലയെയും പ്രതികൂലമായി ബാധിക്കുന്നു.

നിർദ്ദിഷ്ട പദ്ധതി വരുന്നതു മൂലം ഭൂമിയുടെ വില കൂടുകയും ധാരാളം തൊഴിലവസരങ്ങൾ ലഭ്യമാവുകയും ചെയ്യുന്നു. കൂടാതെ ഈ പ്രദേശത്തിൻെറഅടിസ്ഥാന സൗകര്യങ്ങൾ വർദ്ധിക്കുകയും മികച്ച റോഡുകൾ വരികയും അതിലൂടെ പ്രദേശത്തിൻെറ മൊത്തത്തിലുള്ള വികസനം സാധ്യമാകുകയും ചെയ്യുന്നു

**4.3.പദ്ധതിയ്ക്കാവശ്യമായ മൊത്തം ഭൂമി**

17.08.2020 തീയതിയിലെകേരള ഗസറ്റ് (അസാധാരണം) നമ്പർ 1846 ൽ പ്രസിദ്ധീകരിച്ചകേരള സർക്കാർ റവന്യൂ (ബി) ഡിപ്പാർട്ട്മെൻറിൻെറ 14.08.2020 തീയതിയിലെ വിജ്ഞാപനം G.O.(P)No.53/2020/RD അനുസരിച്ച്പദ്ധതിക്കാവശ്യമായി വന്നേക്കാവുന്നത് ഏകദേശം 250 ഏക്കർ സ്ഥലമാണ്.

**4.4.പദ്ധതി ബാധിത പ്രദേശത്തിൻെറ സമീപത്ത് പൊതുജനങ്ങൾ ഉപയോഗിക്കുന്ന സ്ഥലം ഉണ്ടെങ്കിൽ അതിൻെറ നിലവിലെ ഉപയോഗം**

പൊതുമരാമത്ത് റോഡ്, 2 കാറ്റാടി എന്നിവ പദ്ധതി ഏറ്റെടുക്കലിൽ ഉൾപ്പെടുന്നു.

**4.5.പദ്ധതിക്കായി വിലകൊടുത്തുവാങ്ങിയിരിക്കുന്നതോ പണയത്തിനെടുത്തിരിക്കുന്നതോ ആയ ഭൂമി, ഏറ്റെടുക്കുന്ന ഭൂമിയുടെ ഓരോ ഭാഗത്തിൻെറയും നിർദ്ദിഷ്ട ഉപയോഗം**

നിർദ്ദിഷ്ടനാഷണൽ ഇൻവെസ്റ്റ്മെൻറ് &മാനുഫാക്ചറിംഗ് സോൺ (നിംസ്) വേണ്ടി ബന്ധപ്പെട്ട അധികാരികൾ ഏകദേശം 250ഏക്കർ സ്ഥലം മാപ്പ് ചെയ്ത് നൽകിയിട്ടുണ്ട്. ബന്ധപ്പെട്ടവകുപ്പുകളിൽനിന്ന്ലഭ്യമായവിവരങ്ങൾ അനുസരിച്ച് പദ്ധതിയ്ക്കായിഇതുവരെ ഭൂമികളൊന്നും പാട്ടത്തിനെടുക്കുകയോവാങ്ങുകയോ ചെയ്തിട്ടില്ല.

**4.6.ഏറ്റെടുക്കുന്ന സ്ഥലത്തിൻെറ ഗുണവും പ്രദേശവും**

പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിലെ ഒഴലപ്പതി വില്ലേജിൽ 14pt,16,17,18,19,20,21,22,23,26pt,34,45,46,47,48,49,50,53,128pt,134,138,139,140,141,145,146,148,149,150,152pt,153,154,155,156,157,158,163pt,164,165pt,170,171,174pt,175,176,177pt,178,180,181,182,183,185,351,352,353,354 എന്നീ സർവ്വേ നമ്പറുകളിൽ ഉൾപ്പെട്ടഏകദേശം 250 ഏക്കർ സ്ഥലമാണ് പദ്ധതിക്കു വേണ്ടി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്. പദ്ധതി ബാധിതമാകുന്ന സ്ഥലങ്ങൾ പുരയിടം, നിലംവിഭാഗത്തിൽ പെടുന്നു.

**4.7.ആഘാതബാധിത ഭൂമിയുടെ തരവും നിലവിലെ ഉപയോഗവും, കൃഷിഭൂമിയുണ്ടെങ്കിൽ ജലസേചനത്തെക്കുറിച്ചും വിളകളെക്കുറിച്ചുമുള്ള വിവരണം**

റവന്യൂ രേഖ പ്രകാരം പദ്ധതി ബാധിത പ്രദേശം പുരയിടം, നിലം വിഭാഗത്തിൽ ഉൾപ്പെടുന്നു.പ്രസ്തുത സ്ഥലങ്ങളിലെ കുടുംബങ്ങൾ താമസത്തിനും, കൃഷി ആവശ്യത്തിനുംആയി ഉപയോഗിക്കുന്നു. ജലസേചനത്തിനായി പ്രദേശത്തെ കുളങ്ങളെയും, കിണറുകളെയുമാണ് കർഷകർ ആശ്രയിക്കുന്നത്. നിർദ്ദിഷ്ട പ്രദേശത്ത് നിലവിൽ 7 കുളങ്ങളും, 12 കിണറുകളും, 25 ബോർവെല്ലുകളും ഉണ്ട്.

**4.8. സ്ഥലം കൈവശമായ രീതി**

നിലവിലെ രൂപകൽപ്പനയും അലൈൻമെൻറുമനുസരിച്ച് നാഷണൽ ഇൻവെസ്റ്റ്മെൻറ് &മാനുഫാക്ചറിംഗ് സോൺ (നിംസ്) വേണ്ടിസ്ഥലമേറ്റെടുക്കുന്നതുവഴി 23 കുടുംബങ്ങൾപ്രത്യക്ഷ

ആഘാതബാധിതരാകുന്നു.12 വീടുകൾ കുടിയൊഴിപ്പിക്കേണ്ടതായി വരുമെന്നും സർവ്വേ വെളിപ്പെടുത്തുന്നു.

**ആഘാത ബാധിതരുടെ കൈവശമുള്ള ഭൂമിയുടെ അളവ്**

ഭൂമി നഷ്ടപ്പെടുന്ന 23 സ്ഥലം ഉടമകൾക്കും 150 സെൻറിനു മുകളിൽ ഭൂമി കൈവശമായുണ്ട്.

**ഉടമസ്ഥാവകാശത്തിൻെറ വർഷം**

പദ്ധതി പ്രദേശത്ത് 20 വർഷത്തിനു താഴെ ഉടമസ്ഥവകാശം ഉള്ള 6 (26%) വ്യക്തികളും, 20 വർഷത്തിനും 40 വർഷത്തിനുമിടയിൽ ഉടമസ്ഥവകാശം ഉള്ള 12 (52%)വ്യക്തികളും, 400 വർഷത്തിനും അതിനു മുകളിലും ഉടമസ്ഥവകാശം ഉള്ള 5 (22%) വ്യക്തികളും ഉണ്ട്. **(ചിത്രം 4.8.2)**

**ചിത്രം 4.8.2ഉടമസ്ഥാവകാശത്തിൻെറ വർഷം**




**സ്ഥലം കൈവശമായ രീതി**

10 (43%) ആളുകൾക്ക് ഭൂമി തങ്ങളുടെ പൂർവ്വികരിൽനിന്ന് ലഭിച്ചപ്പോൾ 13 (57%) ആളുകൾ പ്രസ്തുത ഭൂമി വാങ്ങിയതാണ്. (ചിത്രം4.8.3.)

**ചിത്രം4.8.3സ്ഥലം കൈവശമായ രീതി**




**4.9കഴിഞ്ഞ 3 വർഷക്കാലത്തെ ഭൂമി കൈമാറ്റവും, വിലയും, ഉപയോഗവും**

വിവര ദാതാക്കൾ സർവ്വേയിൽ നൽകിയ വിവരമനുസരിച്ച് പദ്ധതി പ്രദേശത്ത് കഴിഞ്ഞ 3 വർഷങ്ങളിലായി യാതൊരു വിധ വ്യവഹാരവും നടന്നിട്ടില്ല.

# അദ്ധ്യായം 5

# ആഘാതബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ളകണക്ക്

### 5.1 പദ്ധതിയുടെ പ്രത്യാഘാതബാധിത കുടുംബങ്ങൾ

ഒരു പൊതു ആവശ്യത്തിനുവേണ്ടി ഭൂമി ഏറ്റെടുക്കേണ്ടി വരുമ്പോൾ പ്രത്യക്ഷവും പരോക്ഷവുമായ പ്രത്യാഘാതങ്ങളുണ്ടാകുവാൻ സാധ്യതയുണ്ട്. ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിൻെറ ഉടമകളെ പദ്ധതിയുടെ പ്രത്യക്ഷ ആഘാത ബാധിതരായും ഉപജീവന ത്തിനായോ താമസത്തിനായോ മറ്റേതെങ്കിലും അടിസ്ഥാന സൗകര്യങ്ങൾക്ക് വേണ്ടി യോ ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തെ ആശ്രയിച്ച് കൊണ്ടിരിക്കുന്ന കുടുംബങ്ങളെ പദ്ധതിയുടെ പരോക്ഷ ആഘാതബാധിതരായും കാണേണ്ടതാണ്. ദേശീയ നിക്ഷേപ നിർമ്മാണ മേഖല സ്ഥാപിക്കുന്നതിനു വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ പ്രത്യക്ഷവും പരോക്ഷവുമായ ആഘാതബാധിത കുടുംബങ്ങളുണ്ടെന്ന് മനസിലാക്കുന്നു.

### 5.1.1പ്രത്യക്ഷ പ്രത്യാഘാതബാധിത കുടുംബങ്ങൾ(സ്വന്തം ഭൂമി നഷ്ടപ്പെടുന്നവർ)

ദേശീയ നിക്ഷേപ നിർമ്മാണ മേഖല സ്ഥാപിക്കുന്നതിന വേണ്ടിഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിൻെറ സർവ്വെ നമ്പറുകൾ, ബ്ലോക്ക് നമ്പറുകൾ, വില്ലേജ്, താലൂക്ക് എന്നീ വിവരങ്ങൾ വെളിപ്പെടുത്തിക്കൊണ്ട്14/08/2020 തീയതിയിൽ കേരള സർക്കാർ റെവന്യൂ (ബി) ഡിപ്പാർട്ട്മെൻറ് പുറപ്പെടുവിച്ച വിജ്ഞാപനം G.O.(P)No.53/2020/RD 17/08/2020 തീയതിയിലെ കേരള ഗസറ്റ് (അസാധാരണം) നമ്പർ:1846 ൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. 53 സർവ്വെ നമ്പറുകളിൽ ഉൾപ്പെടുന്ന ഏകദേശം 250 ഏക്കർ സ്ഥലമാണ് പദ്ധതിക്ക് ആവശ്യമായ് വരുന്നത് എന്ന് ടി വിജ്ഞാപനം പറയുന്നു. പദ്ധതിബാധിതമാകുന്ന 53 സർവ്വെ നമ്പറുകളിൽ ഉൾപ്പെ ടുന്ന സ്ഥലങ്ങളുടെ ഉടമകളാണ പദ്ധതിയുടെ പ്രത്യക്ഷ ആഘാതബാധിതർ. ഇവരിൽ പലരെയും ബന്ധപ്പെടുവാനുള്ള വിലാസം ലഭ്യമല്ലാത്തതിനാൽ 23 ഭൂവുട മകളെയാണ് സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനസംഘം ബന്ധപ്പെട്ടത്. ടി ഭൂവുടമകളുടെ പേര് വിവരങ്ങൾ പട്ടിക 5.1.1.ൽ നൽകിയിരിക്കുന്നു.

## Table 5.1.1.ഭൂവുടമകളുടെ പേര് വിവരങ്ങൾ

| ക്രമ നമ്പർ | പേരും വിലാസവും | സർവ്വേ നമ്പർ |
|---|---|---|
| 1 | ആദീശ്വരൻ, അൺപൂർ, കോവിലകം, ഒഴലപ്പതി പോസ്റ്റ്, പാലക്കാട് ജില്ല | 177,178,180 |
| 2 | സത്യശീലൻ, അൺപൂർ, ഊർകൗണ്ടർ, മേഴാറ്റുകുളം, ഒഴലപ്പതി പോസ്റ്റ്, പാലക്കാട് ജില്ല | 189/6 |
| 3 | ശെൽവകുമാർ സ്വാമി ശാന്തിലിംഗ നഗർ, ഒഴലപ്പതി പോസ്റ്റ്, പാലക്കാട് | |
| 4 | കാളിമുത്ത്, കുപ്പണ്ടകൗണ്ടർ അൺപൂർ,മലമ്പതി, ഒഴലപ്പതി പോസ്റ്റ്, പാലക്കാട് ജില്ല | 351,352,139 |
| 5 | പഞ്ചലിംഗം, കുപ്പണ്ടകൗണ്ടനൂർ, വനമ്പതി, തോട്ടം, ഒഴലപ്പതി പോസ്റ്റ്, പാലക്കാട് ജില്ല | 563/T1,563/T2 |
| 6 | മണി, ശാന്തിലിംഗ നഗർ, ഒഴലപ്പതി പോസ്റ്റ്, പാലക്കാട് ജില്ല | 141/3 |
| 7 | ഗോപാലസ്വാമി, അൺപൂർ, ഒഴലപ്പതി പോസ്റ്റ്, പാലക്കാട് ജില്ല | 163 |
| 8 | സജിത്ത് സുകുമാരൻ& പ്രസീന സജിത്ത്, 7/439, ശാന്തിലിംഗ നഗർ, ഒഴലപ്പതി പോസ്റ്റ്, പാലക്കാട് ജില്ല | 34/1 |

| | | |
|---|---|---|
| 9 | രാമസ്വാമി,<br>അൺപൂർ,, ഊർകൗണ്ടർ,<br>മേഴാറ്റുകുളം,<br>ഒഴലപ്പതി പോസ്റ്റ്,<br>പാലക്കാട് ജില്ല | 174/22,173/20,<br>173/18,173/19<br>173/17,173/16<br>173/15,173/13<br>173/5,173/4 |
| 10 | ഉത്തരരാജ്, മനോജ് സുന്ദർ<br>&റാണി,<br>7/473, മലമ്പതികുളം,<br>ഒഴലപ്പതി പോസ്റ്റ്,<br>പാലക്കാട് ജില്ല | 150/5,150/1<br>150/3, 150/6 |
| 11 | സമ്പത്ത്,<br>ശാന്തിലിംഗ നഗർ,<br>ഒഴലപ്പതി<br>പാലക്കാട് ജില്ല | |
| 12 | ബാഷാഭായി,<br>അൺപൂർ, ഒഴലപ്പതി പോസ്റ്റ്,<br>ചിറ്റൂർ താലൂക്ക്,<br>പാലക്കാട് ജില്ല | 528/CI |
| 13 | മനോഹരൻ, ഗോകുൽ കൃഷ്ണൻ<br>&രമ്യ<br>അൺപൂർ, റോഡ്,<br>ഒഴലപ്പതി പാലക്കാട് ജില്ല | 164/2, 158 |
| 14 | സി.റ്റി.വാസുദേവൻ,<br>S/o.നിലീയമ്മ,<br>ശാന്തിലിംഗ നഗർ,<br>ഒഴലപ്പതി പോസ്റ്റ്,<br>പാലക്കാട്ജില്ല | 174/2 |
| 15 | രാമതാൽ, സുമതി, മുത്തുലക്ഷ്മി<br>& ശാന്താമണി,<br>മലമ്പതി<br>ഒഴലപ്പതി പോസ്റ്റ്,<br>പാലക്കാട് ജില്ല | 156/2,146/2,<br>145/3,49/1 |
| 16 | ജ്യോതിമണി<br>അൺപൂർ, ഊർകൗണ്ടർ,<br>മേഴാറ്റുകുളം,<br>ഒഴലപ്പതി പോസ്റ്റ്,<br>പാലക്കാട് ജില്ല | 171/1 |
| 17 | ശക്തി & ഗുണചിത്ര,<br>അൺപൂർ, ഒഴലപ്പതി<br>പാലക്കാട്ജില്ല | 171/2 |

| | | |
|---|---|---|
| **18** | ബിജു സേവ്യർ &<br>റോസി സെബാസ്റ്റ്യൻ (ഭാര്യ)<br>വെട്ടുകാട്ടിൽ ഹൗസ്<br>മലമ്പതി റോഡ്,<br>ഒഴലപ്പതി പോസ്റ്റ്,<br>പാലക്കാട് ജില്ല | 134/1-1, 146/1-1, 146/2-1,<br>(ആകെ വിസ്തീർണ്ണം 2 ഹെ, 61ആർ, 87 സ്കw.മീ)<br>134/2, 134/1<br>(ആകെ വിസ്തീർണ്ണം 3 ഹെ, 74ആർ, 69 സ്കw.മീ) |
| **19** | ശശിധരൻ<br>ഗ്രീഷ്മം<br>വിയ്യൂർ, തൃശ്ശൂർ- 9947041321 | 351,353 |
| **20** | കനകരാജ്<br>S/o.പഴനിയമ്മാൾ, അൺപൂർ,<br>ഊർകൗണ്ടർ, മേഴ്ട്ടുകുളം,<br>ഒഴലപ്പതി പോസ്റ്റ്,<br>പാലക്കാട്ജില്ല | 175/3 |
| **21** | കൃഷ്ണസ്വാമി,<br>കാൽക്കോറപാറായ്,<br>ശാന്തിലിംഗ നഗർ,<br>ഒഴലപ്പതി പോസ്റ്റ്,<br>പാലക്കാട്ജില്ല | 181/2 |
| **22** | രത്നസ്വാമി,<br>മൈലാഡി പാരിക്കുളം,<br>ഒഴലപ്പതി<br>പാലക്കാട്ജില്ല | 19/1 |
| **23** | കെ.പി.ഡേവിസ്<br>കെ.ജി.പി.ഗ്രാനൈറ്റ്സ്<br>മറ്റൂർ, കാലടി<br>9947682476 | 17/4, 18/4, 19/2-1, 20/1, 20/3, 16/2-3, 17/5, 17/7, 18/2-1, 19/1-1, 20/2<br>(ആകെ വിസ്തീർണ്ണം 5 ഹെ, 3ആർ, 62 സ്കw.മീ) |
| **24** | മണികണ്ഠസ്വാമി &<br>ദേവി (ഭാര്യ)<br>ഗണപതി സ്വാമി കൗണ്ടർ മകൻ<br>നല്ലത്ത് കുഴി, കോയമ്പത്തൂർ,<br>പൊള്ളാച്ചി- 6420005 | 139/4-1 |
| **25** | കെ. ലാൽ ജോൺ<br>വൈസ് പ്രസിഡൻറ്<br>പി & എ,<br>മലയാള മനോരമ , കോട്ടയം | (കാറ്റാടി)170, 145, 146 |
| **26** | രാധാകൃഷ്ണൻ | 19/1, 19/2 |

*പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിൽ* ഒഴലപ്പതി വില്ലേജിൽ നാഷണൽ ഇൻവെസ്റ്റ്മെൻറ് &മാനുഫാക്ചറിംഗ് സോൺ (നിംസ്) *പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ*

| | | |
|---|---|---|
| | S/o. മായൻ<br>8281030878 | |

**5.2 വനാവകാശം നഷ്ടപ്പെടുന്ന പട്ടിക വർഗ്ഗ/ആദിവാസി കുടുംബങ്ങൾ**

പദ്ധതി പ്രദേശം വനഭൂമിയല്ല.പട്ടിക വർഗ്ഗ/ആദിവാസിവിഭാഗത്തിൽ പെട്ട കുടുംബങ്ങൾ ഏറ്റെടുക്കലിൽ ഉൾപ്പെട്ടിട്ടില്ല.

**5.3 പൊതുവിഭവങ്ങൾ ആഘാതബാധിതമാകുന്നതു മൂലം ഉപജീവനമാർഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾ**

പൊതു ജനങ്ങൾ ഉപജീവനത്തിനായി ഉപയോഗിക്കുന്ന പൊതു സൗകര്യങ്ങൾ ഒന്നും ഏറ്റെടുക്കുന്ന പ്രദേശത്തില്ല.

**5.4 കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും പദ്ധതിയിലൂടെ ലഭിച്ച സ്ഥലം ഏറ്റെടുക്കപ്പെടുന്ന കുടുംബങ്ങൾ**

ഇത്തരം കുടുംബങ്ങൾ പദ്ധതി പ്രദേശത്ത് ഇല്ല.

**5.5 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന നഗരപ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ**

പദ്ധതി പ്രദേശം നഗരപ്രദേശമല്ല. പദ്ധതി ബാധിത കുടുംബങ്ങളിൽ 12 കുടുംബങ്ങൾ പദ്ധതി പ്രദേശത്ത് താമസിക്കുന്നു.

**5.6 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പ്രാഥമിക ജീവനോപാധിയായി ആശ്രയിച്ചിരുന്ന കുടുംബങ്ങൾ**

സർവ്വെയിൽ പങ്കെടുത്ത 23 കുടുംബങ്ങളിൽ 11 കുടുംബങ്ങൾ പദ്ധതിപ്രദേശത്തെ ആശ്രയിച്ച് ഉപജീവനം നടത്തിവരുന്നതായ് സർവ്വെയിൽ വെളിപ്പെടുത്തി. കൂടാതെ പദ്ധതിബാധിതമാകുന്ന ഫാംഹൗസുകളിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്കും ജീവനോപാധി നഷ്ടമാകും.

**5.6.1 പദ്ധതിയുടെ പരോക്ഷ ആഘാതബാധിതർ (ഏറ്റെടുക്കപ്പെടുന്നത് സ്വന്തം ഭൂമിയല്ലെങ്കിലും പരോക്ഷമായി ആഘാതബാധിതരാകുന്നവർ)**

പദ്ധതിബാധിതമാകുന്ന ഫാംഹൗസുകളിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്കും ജീവനോപാധി നഷ്ടമാകും.

**5.6.2ഫലദായക വസ്തുക്കളുടെയും പ്രത്യേക സ്ഥലങ്ങളുടെയും വിവരപട്ടിക**

പദ്ധതിപ്രദേശത്ത് കാർഷിക പ്രവർത്തനങ്ങളും ഫലവൃക്ഷങ്ങൾ ഉൾപ്പടെ ധാരാളം വക്ഷങ്ങളും ഉണ്ട്. പദ്ധതിബാധിതമാകുന്ന വൃക്ഷങ്ങളുടെ ഏകദേശ വിവരം പട്ടിക 5.6.1.1.ൽ നൽകിയിരിക്കുന്നു.

**പട്ടിക 5.6.2.1 വിളകളുടെയും മരങ്ങളുടെയും വിവരങ്ങൾ**

| **ക്രമ നമ്പർ** | **മരങ്ങളുടെ ഇനം** | **എണ്ണം** |
|---|---|---|
| 1 | തെങ്ങ് | 3076 |
| 2 | തേക്ക് | 483 |
| 3 | പ്ലാവ് | 3 |
| 4 | മാവ് | 1441 |
| 5 | പുളി | 5 |
| 6 | വേപ്പ് | 100 |
| 7 | പനം കരിക്ക് | 100 |
| 8 | പേര | 30 |
| 9 | പപ്പായ | 200 |
| 10 | കശുമാവ് | 20 |
| 11 | കവുങ്ങ് | 35 |
| 12 | വാഴ | 820 |
| 13 | സീതപ്പഴം | 10 |
| 14 | മുരിങ്ങ | 1 |
| 15 | നെല്ലി | 1 |
| 16 | സപ്പോട്ട | 1 |
| 17 | നാരകം | 2 |
| | **ആകെ** | **6328** |

# അദ്ധ്യായം 6

# സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക പശ്ചാത്തലം (പദ്ധതിപ്രദേശവും പുനസ്ഥാപനപ്രദേശവും)

പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിലെ സ്വച്ഛവും ശാന്തവുമായ ഗ്രാമമാണ് ഒഴലപ്പതി. സർവ്വെയിൽ പങ്കെടുത്ത 23 പദ്ധതിബാധിത കുടുംബങ്ങളിൽ 12 കുടുംബങ്ങൾ പ്രദേശത്ത് താമസിക്കുന്നു. പ്രദേശത്ത് താമസിക്കുന്ന പദ്ധതിബാധിത കുടുംബങ്ങളുടെ ജനസംഖ്യാപരമായ വിവരങ്ങൾ, സാമൂഹ്യ-സാമ്പത്തിക പശ്ചാത്തലം എന്നിവ ഈ അദ്ധ്യായത്തിൽ വിശകലനം ചെയ്യുന്നു..

## 6.1 പദ്ധതിപ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ

**ആഘാത ബാധിതരുടെ സ്ത്രീ-പുരുഷാനുപാതം**

ആഘാത ബാധിതരുടെ സ്ത്രീ-പുരുഷാനുപാതം കണക്കിലെടുക്കുമ്പോൾ പുരുഷന്മാരുടെ എണ്ണം 25 ഉം സ്ത്രീകളുടെഎണ്ണം 23 ഉം ആകുന്നു. പദ്ധതി ബാധിത കുടുംബങ്ങളുടെ ആകെ ജനസംഖ്യ 48 ആണ്. (ചിത്രം 6.1.1)

**ചിത്രം 6.1.1 ലിംഗം**




*പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിൽ* ഒഴലപ്പതി വില്ലേജിൽ നാഷണൽ ഇൻവെസ്റ്റ്മെൻറ് &മാനുഫാക്ചറിംഗ് സോൺ (നിംസ്) *പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ*

**ആഘാത ബാധിതരുടെ പ്രായം**

ആഘാത ബാധിതരുടെ പ്രായം വിശകലനം ചെയ്യുമ്പോൾ (ചിത്രം 6.1.2) ജനസംഖ്യയിൽ 0–18 പ്രായ വിഭാഗത്തിൽ ഉള്ള 12 കുട്ടികൾ ഉണ്ട്. 19–40 നും ഇടയിൽ പ്രായമുള്ള 17യുവാക്കളും,41–60 നും ഇടയിൽ പ്രായമുള്ള വ്യക്തികളുടെ എണ്ണം 13ഉം, 61–80 നും ഇടയിൽ പ്രായമുള്ള വ്യക്തികൾ 6 ഉംആണ്. (ചിത്രം 6.1.2)

**ചിത്രം 6.1.2 ആഘാത ബാധിതരുടെ പ്രായം**

Figure 6.1.2 Age of affected persons




**ആഘാത ബാധിതരുടെവിദ്യാഭ്യാസം**

ആഘാത ബാധിതരുടെ വിദ്യാഭ്യാസ പശ്ചാത്തലവുമായി ബന്ധപ്പെട്ട്, സർവ്വേ വെളിപ്പെടുത്തുന്നത് ആഘാത ബാധിത കുടുംബങ്ങളിലെ 8 പേർക്ക് ഹൈസ്കൂൾ യോഗ്യതയുണ്ട്. അതേ സമയം 5 പേർഹയർ സെക്കൻഡറിവിദ്യാഭ്യാസം പൂർത്തിയാക്കിയവരാണ്. 3 പേർക്ക് എൽ.പി.സ്കൂൾവിദ്യാഭ്യാസമുള്ളപ്പോൾയു.പി,.സ്കൂൾവിദ്യാഭ്യാസം ഉള്ള 5 പേർമാത്രമാണുള്ളത്.യു.ജി., പി.ജി, വിദ്യാഭ്യാസമുള്ള വ്യക്തികളുടെ എണ്ണം യഥാക്രമം 6, 2 എന്നിവയാണ്. (ചിത്രം 6.1.3)

ചിത്രം 6.1.3 വിദ്യാഭ്യാസം




**വൈവാഹികാവസ്ഥ**

പട്ടിക 6.1.4 ൽ കാണിക്കുന്നത് ആഘാത ബാധിത കുടുംബങ്ങളിലെ മുതിർന്നവരുടെ വൈവാഹികാവസ്ഥയാണ്. പട്ടികയിൽ കാണിച്ചിരിക്കുന്നതു പോലെ ജനസംഖ്യയുടെ 31പേർ (65%) വിവാഹിതരും, 16 പേർ (33%) അവിവാഹിതരുമാണ്. ഒരു വിധവയുംഉണ്ടെന്ന് സർവ്വേ വെളിപ്പെടുത്തി

**ചിത്രം6.1.4 വൈവാഹികാവസ്ഥ**




**പദ്ധതി ബാധിത കുടുംബങ്ങളുടെ സാമൂഹ്യ പശ്ചാത്തലം**

**ആഘാതബാധിതരുടെ മതം**

ചിത്രം 6.1.5 ൽ കാണിക്കുന്നതു പോലെ ആഘാതബാധിതരിൽ ഭൂരിഭാഗവും അതായത് 11 കുടുംബങ്ങൾ ഹിന്ദു മത വിഭാഗത്തിൽപെടുന്നു.അവശേഷിക്കുന്ന 1 കുടുംബംക്രിസ്ത്യൻമത വിശ്വാസിയും ആണ്. (ചിത്രം 6.1.5)

**ചിത്രം 6.1.5 മതം**




**6.2 വരുമാനവും ദാരിദ്ര്യാവസ്ഥയും**

സർവ്വെയിൽ പങ്കെടുത്ത പദ്ധതി ബാധിതരായ കുടുംബങ്ങളിൽ, കുടുംബങ്ങളുടെ വരുമാന നിലവാരത്തെ കുറിച്ചുള്ള വിവരങ്ങൾ നൽകിയത് 12 കുടുംബങ്ങളാണ്. ചിത്രം 6.2.1 ൽ 12 ആഘാതകുടുംബങ്ങളുടെ വരുമാന നിലവാരം കാണിക്കുന്നു.മാസവരുമാനം 10,000 രൂപയ്ക്കുതാഴെ 1 കുടുംബവും, 2 കുടുംബങ്ങൾക്ക് പ്രതിമാസം 11,000–20,000 രൂപയ്ക്ക് ഇടയിലുംവരുമാനമുണ്ട്. 3 കുടുംബങ്ങൾ പ്രതിമാസം 21,000–30,000 രൂപയ്ക്കും ഇടയിൽ വരുമാനം നേടുമ്പോൾ 1 കുടുംബത്തിന് പ്രതിമാസം 31,000–40,000 രൂപയാണ് വരുമാനം. 41,000 രൂപയ്ക്കു മുകളിൽ വരുമാനമുള്ള 5 കുടുംബങ്ങളാണുള്ളത് (ചിത്രം 6.2.1)

**ചിത്രം 6.2.1 വരുമാനം**




**റേഷൻ കാർഡ്**

ചിത്രം 6.2.2 ൽ കാണിച്ചിരിക്കുന്നതുപോലെ 1 കുടുംബത്തിന് മഞ്ഞ റേഷൻകാർഡ് ആണ് കൈവശമുള്ളത്. നീല റേഷൻകാർഡ് കൈവശമുള്ള 6 കുടുംബങ്ങളും വെള്ള റേഷൻകാർഡുള്ള 5 കുടുംബങ്ങളും ഉണ്ട് എന്നത് സൂചിപ്പിക്കുന്നത് സർക്കാർ മാനദണ്ഡമനുസരിച്ച്ആഘാത ബാധിത ജനസംഖ്യയുടെഭൂരിഭാഗവും ദാരിദ്ര്യ രേഖയ്ക്ക് മുകളിലാണ് എന്നാണ്. (ചിത്രം 6.2.2)

ചിത്രം 6.2.2 റേഷൻ കാർഡ്




**6.3ദുർബ്ബലജനവിഭാഗം**

പദ്ധതി ബാധിതമാകുന്ന 12 കുടുംബങ്ങളിൽ പദ്ധതി ബാധിത ജനസംഖ്യയിൽ ഉൾപ്പെട്ട 18 വയസ്സിൽ താഴെയുള്ള 12 കുട്ടികളെയും 6 വയോജനങ്ങളെയും ദുർബല ജനവിഭാഗമായി കാണാവുന്നതാണ്.കൂടാതെ ഒരു വിധവയും ദുർബല ജന വിഭാഗത്തിൽ പെടുന്നു.

**6.4 ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗവും**

23 കുടുംബങ്ങളുടെ ഉപജീവന മാർഗ്ഗത്തെ നിർദ്ദിഷ്ട പദ്ധതി ബാധിക്കുമെന്ന് സർവ്വേയിലൂടെ കണ്ടെത്തി. ഇതിൽ 12സ്ഥലങ്ങൾ താമസാവശ്യങ്ങൾക്കായും, ബാക്കി കൃഷി ആവശ്യത്തിനായും ഉപയോഗിക്കുന്നു.

**6.5 പ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങൾ**

പദ്ധതി പ്രദേശത്ത് 16 ഫാം ഹൗസുകളും ബാക്കി വരുന്ന സ്ഥലത്ത് തെങ്ങ്, മരച്ചീനി, വാഴ, കശുവണ്ടി, മാവ്, വിവിധ ഇനം പച്ചക്കറികൾ ഉത്പാദിപ്പിക്കുന്നു.

**6.6 പ്രാദേശിക ഉപജീവന ഘടകങ്ങൾ**

പദ്ധതി പ്രദേശം കാർഷികാവശ്യത്തിനും, പുൽകൃഷിക്കുമായി ഉപയോഗിക്കുന്നു. ഭൂ ഉടമകളിൽ ഭൂരിഭാഗം ആളുകളും കാർഷിക ജോലികളിൽ ഏർപ്പെടുമ്പോൾ കുറച്ചു പേർ കന്നുകാലി വളർത്തലിൽ വ്യാപൃതരാണ്. ഭൂ ഉടമകളിൽ ഭൂരിഭാഗവും പദ്ധതി പ്രദേശത്ത് താമസിക്കുന്നവരല്ല. നിർദ്ദിഷ്ട പദ്ധതി പ്രദേശത്തെ 16 ഫാം ഹൗസുകളെ ബാധിക്കുന്നു.

**6.7പ്രദേശത്തെ കുടുംബ ബന്ധങ്ങളും സാമൂഹിക സാംസ്കാരിക സംഘടനകളും**

പദ്ധതി പ്രദേശത്തെ ഭൂരിഭാഗം കുടുംബങ്ങളും അണുകുടുംബങ്ങളാണ്. 2 ക്ഷേത്രങ്ങളും പദ്ധതി ബാധിതമാകുന്നുണ്ട്.

**6.8 ഭരണ സംഘടനകൾ**

ഭരണ സംഘടനകൾഒന്നും തന്നെ പദ്ധതിപ്രദേശത്തില്ല.

**6.9 രാഷ്ട്രീയ സംഘടനകൾ**

പദ്ധതി പ്രദേശത്ത് യാതൊരു രാഷ്ട്രീയ സ്ഥാപനങ്ങളും സ്ഥിതി ചെയ്യുന്നില്ല.

**6.10സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകൾ**

ഏതെങ്കിലും മത സാമൂഹ്യ സംഘടനകൾ ഒന്നും പദ്ധതി മൂലം പ്രത്യക്ഷ ബാധിതമാകുന്നില്ല.

**6.11 പ്രാദേശികവും ചരിത്രപരവുമായ പരിണാമപ്രക്രിയ**

പാലക്കാട് ജില്ലയിലെ ചിറ്റൂർ തലൂക്കിൽ ഉൾപ്പെടുന്ന ഒരു ഗ്രാമമാണ് ഒഴലപ്പതി. പദ്ധതി പ്രദേശം ജനസംഖ്യ വളരെ കുറവുള്ള ഒരു പ്രദേശമാണ്. കഴിഞ്ഞ കുറെ വർഷങ്ങളായി കാര്യമായ മാറ്റങ്ങളോ, പുരോഗതിയോ ഈ പ്രദേശത്തുണ്ടായിട്ടില്ല.

**6.12 ജീവിത സാഹചര്യങ്ങളുടെ ഗുണനിലവാരം**

പദ്ധതി പ്രദേശത്ത് നിരവധി 16 ഫാം ഹൗസുകളും, 2 ക്ഷേത്രങ്ങളും, കൂടാതെ 12 വീടുകളും ഉൾപ്പെടുന്നു. കൃഷിക്ക് അനുയോജ്യമായ ഏക്കർ കണക്കിന് സ്ഥലവും പദ്ധതി പ്രദേശത്ത് ഉൾപ്പെടുന്നു.

# അദ്ധ്യായം 7

# സാമൂഹ്യ പ്രത്യാഘാത നിയന്ത്രണം

### 7.1 സാമൂഹ്യ പ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ള സമീപനം

പ്രത്യാഘാത ലഘൂകരണം വിലയിരുത്തുന്നതിന് പ്രത്യാഘാത വിലയിരുത്തൽ സംഘം 4 ഘട്ടങ്ങളിലായുള്ള സമീപനമാണ് സ്വീകരിച്ചത്. ആദ്യ ഘട്ടത്തിൽ പദ്ധതി പ്രദേശത്ത് പ്രാഥമിക സന്ദർശനം നടത്തി വിവരശേഖരണത്തിന് ആവശ്യമായുള്ള ചോദ്യാവലി അന്തിമമാക്കി. പിന്നീട് 2-ാം ഘട്ടത്തിൽ മുൻ പരിശോധന നടത്തിയചോദ്യാവലി ഉപയോഗിച്ച് പദ്ധതി ബാധിത കുടുംബങ്ങളിൽ സർവ്വേ നടത്തി പദ്ധതി ബാധിത സ്ഥലങ്ങളുടെ വിവരങ്ങൾ, കുടുംബങ്ങളുടെ സാമൂഹ്യ സാമ്പത്തിക പശ്ചാത്തലം, കുടുംബങ്ങളിൽ ഉണ്ടായേക്കാവുന്ന പ്രത്യാഘാതങ്ങൾ എന്നിവ യെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ചു. 3-ാം ഘട്ടത്തിൽ പദ്ധതിയുടെ പൊതുവായ വെല്ലുവിളികൾ മനസ്സിലാക്കാൻ തെരഞ്ഞെടുത്ത പ്രധാന വ്യക്തികളുമായും പദ്ധതിയുടെ തൽപ്പരകക്ഷികളുമായും അഭിമുഖങ്ങൾ നടത്തി. നാലാംഘട്ടമായി ജനുവരി.13ന് ശാന്തലിംഗ നഗറിലുള്ള ക്ഷീരോൽപ്പാദക സഹകരണ സംഘം ഹാളിൽ പബ്ലിക് ഹിയറിങ്ങ് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു.

### 7.2 ആഘാതം ഒഴിവാക്കുവാനോ നഷ്ടം നികത്തുവാനോ ഉള്ള മാർഗ്ഗങ്ങൾ

ദേശിയ നിക്ഷേപ നിർമ്മാണ മേഖല സ്ഥാപിക്കുന്നതിന്വേണ്ടിപാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിൽ ഒഴലപ്പതി വില്ലേജിൽ നിന്നുമുള്ള ഭൂമിഏറ്റെടുക്കൽഏറ്റവും കുറവ് ആഘാതം ഉണ്ടാകുന്ന വിധത്തിലാണ് അർത്ഥനാധികാരി ആസൂത്രണം ചെയ്തിരിക്കുന്നത്. എന്നിരുന്നാലും കുടുംബങ്ങൾക്ക് സ്ഥലം, കെട്ടിടം, താമസം, ഉപജീവനമാർഗം എന്നിവ നഷ്ടമാകുന്നതിന് പദ്ധതി കാരണമാകുന്നുണ്ടെന്ന് മനസിലാക്കുന്നു.പ്രത്യാഘാതങ്ങൾലഘൂകരിക്കുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിക്കാവുന്നതാണ്

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 &

കേരളഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015 പ്രകാരമുള്ള നഷ്ടപരിഹാരംപദ്ധതി ബാധിതരാകുന്ന ഭൂവുടമകൾക്ക് നൽകുക

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ന്റെ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ ഡിപ്പാർട്ട്മെന്റ് 23.09.2015 തീയതിയിൽ G.O(MS)No.485/2015/RD പ്രകാരവും, 29/12/2017 തീയതിയിൽ G.O(MS)No.448/ 2017/RD പ്രകാരവും കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനഃരധിവാസ പുനഃസ്ഥാപന പാക്കേജിനുള്ള പോളിസികൾ പ്രകാരംആഘാത ബാധിതമാകുന്ന ചമയങ്ങൾ തിട്ടപ്പെടുത്തി പുനഃരധിവാസ–പുനഃസ്ഥാപന പാക്കേജ് നൽകുക
- കുടിഒഴിപ്പിക്കപ്പെടുന്നകുടുംബങ്ങളുടെ പുനരധിവാസം സമയാധിഷ്ടിതമായ് നടപ്പിലാക്കുകയും നിലവിൽ കുടുംബങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന സൗകര്യങ്ങളിൽ കുറവ് വരാതെയുള്ള താമസസൗകര്യം കുടുംബങ്ങൾക്ക് ലഭ്യമായി എന്ന് ഉറപ്പ് വരുത്തുകയും വേണം
- കുടുംബങ്ങളുടെ ആദ്ധ്യാത്മിക ജീവിതത്തിന്റെ ഭാഗമായ പദ്ധതിബാധിതമാകുന്ന ക്ഷേത്രങ്ങളുടെ പുനസ്ഥാപനം വേഗത്തിൽ നടപ്പിലാക്കണം
- പദ്ധതിപ്രദേശത്തിനടുത്തുള്ള കാർഷിക പ്രവർത്തനങ്ങളും ഫാമുകളിലേക്കുള്ള പ്രവേശനവും തടസപ്പെടാത്ത വിധത്തിലും പദ്ധതി നിർമ്മാണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണം
- കുടുംബങ്ങളുടെ ഉപജീവനമാർഗം കൂടുതലായും ആഘാതബാധിതമാകാതിരിക്കുന്നതിന് പദ്ധതിബാധിതമാകുന്ന ഫാം ഹൗസുകൾ നീക്കം ചെയ്യുന്നതിന് മുൻപേ പുനസ്ഥാപനനടപടികൾ സ്വീകരിക്കണം. നിർദ്ദിഷ്ട പദ്ധതിയിൽ ഉണ്ടാകുവാനിടയുള്ള അനുയോജ്യമായ തൊഴിൽ മേഖലകളിലേക്ക് ഉപജീവനമാർഗം നഷ്ടമാകുന്ന വ്യക്തികളുടെ പരിഗണനയും ശുപാർശ ചെയ്യുന്നു.
- പദ്ധതിയുടെ നിർമ്മാണ ഘട്ടത്തിലും പദ്ധതി നിർവ്വഹണത്തിനു ശേഷവും പാരിസ്ഥിതിക മലിനീകരണവും മറ്റ് ആരോഗ്യ പ്രശ്നങ്ങളും കുറയ്ക്കുന്ന തിനുള്ള നടപടികൾ കൈകൊള്ളണം.

*പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിൽ* ഒഴലപ്പതി വില്ലേജിൽ നാഷണൽ ഇൻവെസ്റ്റ്മെന്റ് &മാനുഫാക്ചറിംഗ് സോൺ (നിംസ്) *പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ*

- പദ്ധതിപ്രദേശത്തെ കാറ്റാടിയന്ത്രം കഴിയുന്ന വിധത്തിൽ സംരക്ഷിക്കണം
- പദ്ധതി നിർമ്മാണ മാലിന്യങ്ങൾ ശാസ്ത്രീയവും സമയാധിഷ്ടിതവുമായ് നിർമാർജനം ചെയ്യണം

**7.3 നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നതു പ്രകാരം പുനരധിവാസത്തിനും പുന:സ്ഥാപനത്തിനും നഷ്ടപരിഹാരത്തിനുമുള്ള നടപടി ക്രമങ്ങൾ**

ഭൂമി ഏറ്റെടുക്കലിൽ ന്യായമായനഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ന്റെ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ ഡിപ്പാർട്ട്മെൻറ് 23.09.2015 തീയതിയിൽ G.O(MS)No.485/2015/RDപ്രകാരവും, 29/12/2017 തീയതിയിൽ G.O(Ms) No.448/2017/RDപ്രകാരവും കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാരത്തിനും പുനഃരധിവാസ-പുനഃസ്ഥാപന പാക്കേജിനുമുള്ള പോളിസികൾ പ്രകാരമുള്ള നടപടിക്രമങ്ങൾ(നിംസ്) പദ്ധതിയ്ക്ക് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ പദ്ധതിക്കു ബാധകമാണ്.

**7.4 അർത്ഥനാധികാരി പദ്ധതിരേഖയിൽ ഉൾപ്പെടുത്തുമെന്ന് പ്രസ്താവിച്ചിട്ടുള്ള നടപടികൾ**

വിവരം ലഭ്യമല്ല

**7.5 സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറയ്ക്കുവാൻ വേണ്ടി പദ്ധതി രൂപകൽപനയിൽ വരുത്തേണ്ട മാറ്റങ്ങൾ**

കുടുംബങ്ങൾക്ക് വളരെകുറവ് ആഘാതം ഉണ്ടാകുന്ന രീതിയിലാണ് അർത്ഥനാധികാരി പദ്ധതി രൂപകൽപ്പന ചെയ്തിരിക്കുന്നത് എന്നതിനാൽ പ്രത്യാഘാതങ്ങളുടെ തീവ്രത കുറക്കുന്നതിന് രൂപകൽപ്പനയിൽ മാറ്റങ്ങളോ കൂട്ടിച്ചേർക്കലോ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനഘട്ടത്തിൽ ആരും തന്നെ നിർദ്ദേശിച്ചിട്ടില്ല.

**7.6. ഓരോ നടപടികളും അതിനുവേണ്ട സമയക്രമവും ഉൾക്കൊള്ളിച്ചുകൊണ്ട് ആഘാതം ദുരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി**

നിർദ്ദിഷ്ട ഭൂമിഏറ്റെടുക്കലിൻെറ സാമൂഹ്യ പ്രത്യാഘാതം കുറയ്ക്കുന്നതിന് കേരളഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനുംപുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 അനുശാസിക്കുന്ന സമയക്രമം കൃത്യമായി പാലിച്ചുകൊണ്ട്, ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സംസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി 23.09.2015 ൽ പുറപ്പെടുവിച്ച G.O(MS) No.485/2015/RD പ്രകാരവും പദ്ധതി കേരള സർക്കാർ റവന്യൂ ഡിപ്പാർട്ട്മെൻറ് 29/12/2017 തീയതിയിൽ G.O(MS) No.448/2017/RD പ്രകാരവും പദ്ധതി ബാധിതർക്ക് നഷ്ടപരിഹാരം, പുനരധിവാസ-പുനസ്ഥാപന പാക്കേജ്എന്നിവ നൽകുന്നതിലൂടെ നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കലിൻെറ പ്രത്യാഘാതങ്ങൾ ലഘൂകരിക്കാവുന്നതാണ്. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിലൂടെ ലഭ്യമായ വിവരങ്ങൾ വിശകലനം ചെയ്തതിൻെറ അടിസ്ഥാനത്തിൽ നാഷണൽ ഇൻവെസ്റ്റ്മെൻറ് &മാനുഫാക്ചറിംഗ് സോൺ (നിംസ്)പദ്ധതിക്കുവേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിനായി തയ്യാറാക്കിയ സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പദ്ധതി പട്ടിക 7.6.1 ൽ നൽകിയിരിക്കുന്നു

**പട്ടിക 7.6.1സാമൂഹ്യപ്രത്യാഘാതനിയന്ത്രണ ആസൂത്രണപദ്ധതി**

| ക്രമ നമ്പർ | പ്രത്യാഘാതം | പ്രത്യാഘാതലഘൂകരണം | സമയക്രമം | നിരീക്ഷണ സൂചികകൾ |
|---|---|---|---|---|
| 1 | സ്ഥലം നഷ്ടമാകൽ | RFCTLARRനിയമം 2013ഒന്നാം പട്ടികപ്രകാരവും അനുബന്ധമായ കേരള സംസ്ഥാനസർക്കാരിൻെറ പോളിസികൾ പ്രകാരവുമുള്ള നഷ്ടപരിഹാരംനൽകുക | കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാര ത്തിനും സുതാര്യതയ്ക്കും പുനഃരധിവാസ ത്തിനും പുനഃ സ്ഥാപനത്തിനു മുള്ള ചട്ടം 2015 | ന്യായമായ ഭൂമി വിലയും നിയമാധിഷ്ടിതമാ യ മറ്റ് ആനുകൂല്യങ്ങളും നൽകുന്നു എന്ന് ഭൂവുടമകളെ ബോധ്യപ്പെടുത്തുക |

| | | | | |
|---|---|---|---|---|
| 2 | വസ്തുവിനോട് ചേർന്നുള്ള ആസ്തികളുടെ നഷ്ടം | RFCTLARRനിയമം2013ഒന്നാംപട്ടികപ്രകാരവും അനുബന്ധമായ കേരള സംസ്ഥാന സർക്കാരിൻെറപോളിസികൾ പ്രകാരവുമുള്ള നഷ്ടപരിഹാരംനൽകുക | പ്രകാരമുള്ള സമയക്രമം | ഭൂവുടമകളുടെ സാന്നിധ്യത്തിൽ ആസ്തികളുടെ കണക്കെടുപ്പ് നടത്തുകയും അവയുടെ മൂല്യനിർണ്ണയ നടപടികൾ കൃത്യമായി ഉടമകളെ ബോധ്യപ്പെടുത്തുകയും ചെയ്യുക |
| 3 | കുടിയൊഴിപ്പിക്കൽ ഉൾപ്പടെ വീടുകൾ പദ്ധതിബാധിതമാകൽ | RFCTLARRനിയമം2013ഒന്നാംപട്ടികപ്രകാരവും രണ്ടാം പട്ടിക പ്രകാരവും അനുബന്ധമായ കേരള സംസ്ഥാന സർക്കാരിൻെറപോളിസികൾ പ്രകാരവുമുള്ള നഷ്ട പരിഹാരവുംപുനരധിവാസ-പുന:സ്ഥാപന പാക്കേജുംനൽകുക | | വേഗത്തിലുള്ള പുനസ്ഥാപന നടപടികൾ.കുടിയൊഴിപ്പിക്കുന്നതിന് മുൻപേ പുനസ്ഥാപനം. കുടുംബങ്ങളുടെ തമസവും അടിസ്ഥാന സൗകര്യങ്ങളും ഒരു ദിവസം പോലും ബുദ്ധിമുട്ടിലാകുന്നില്ല എന്ന് ഉറപ്പ് വരുത്തൽ |
| 4 | ഉപജീവന മാർഗം നഷ്ടമാകൽ | RFCTLARRനിയമം 2013രണ്ടാം പട്ടിക പ്രകാരവും അനുബന്ധമായ കേരള സംസ്ഥാന സർക്കാരിൻെറ പോളിസികൾ പ്രകാരവുമുള്ള പുനരധിവാസ-പുന:സ്ഥാപന പാക്കേജ്മതിയായ രേഖകളുടെ അടിസ്ഥാനത്തിൽ ഉപജീവനമാർഗം നഷ്ടമാകുന്നകുടുംബങ്ങൾക്ക് നൽകുക/മതിയായ രേഖകളുടെ അടിസ്ഥാനത്തിൽ പദ്ധതിബാധിത പ്രദേശത്ത് പ്രവർത്തിക്കുന്ന തൊഴിലാളികളെ നഷ്ടപരിഹാരത്തിന് പരിഗണിക്കുക | | നഷ്ടമാകുന്ന ഉപജീവനമാർഗത്തിന് ന്യായമായ പരിഗണനനൽകുക |
| 5 | നിർമ്മാണ മാലിന്യങ്ങൾന | നിർമ്മാണ മാലിന്യങ്ങൾ ശാസ്ത്രീയവും | പദ്ധതി നിർമ്മാണ | പ്രദേശത്തിൻെറ പരിസ്ഥിതിക്ക് |

| | | | | |
|---|---|---|---|---|
| | ിർമ്മാർജനം ചെയ്യാതിരിക്കൽ | സമയാധിഷ്ടിതവുമായിനിർമ്മാർജനം ചെയ്യുക | ഘട്ടത്തിനു മുമ്പേ മാലിന്യനിർമ്മാർജനംആസൂത്രണം ചെയ്യുക | ദോഷം ഉണ്ടാകാത്തവിധത്തിൽ പദ്ധതിനിർവ്വഹണത്തിനു മുൻപേ നിർമ്മാണമാലിന്യങ്ങൾശരിയായ വിധത്തിൽ നിർമ്മാജ്ജനം ചെയ്യു എന്ന്ഉറപ്പ് വരുത്തുക |

**7.7 അർത്ഥനാധികാരി നിർവ്വഹിക്കുമെന്നോ, പിന്നീട് നിർവ്വഹിക്കാമെന്നോ ഉറപ്പ് നൽകിയിട്ടുള്ളതും എന്നാൽ നിർവ്വഹിച്ചിട്ടില്ലാത്തതുമായ സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ ആസൂത്രണം**

ബാധകമല്ല

# അദ്ധ്യായം 8

# സാമൂഹ്യ പ്രത്യാഘാത ദുരീകരണ പദ്ധതി സ്ഥാപന സംവിധാനം

## 8.1പ്രത്യാഘാത ലഘൂകരണ നടപടികൾക്ക് വേണ്ടിയുള്ള സ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 ലെ വകുപ്പ് 43- ഉം കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ,2015,ചട്ടം 22ഉം നിർവ്വചിക്കുന്നതിൻ പ്രകാരം, സർക്കാർ നിയമിക്കുന്ന അഡ്മിനിസ്ട്രേറ്റർക്കായിരിക്കും പദ്ധതി ബാധിത കുടുംബങ്ങൾക്കുള്ള പുനഃരധി വാസ പുനഃസ്ഥാപന സ്കീം തയ്യാറാക്കുന്നതിൻെറ ഉത്തരവാദിത്തം. സർക്കാരി ൻെറയും, പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള കമ്മീഷണറുടെയും മേൽനോട്ടത്തിനും മാർഗ്ഗനിർദ്ദേശത്തിനും നിയന്ത്രണത്തിനും വിധേയമായി പുനഃരധി വാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അഡ്മിനിസ്ട്രേറ്റർ തൻെറ കീഴിലുള്ള പദ്ധതിയ്ക്കുവേണ്ടി പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള സ്കീമിൻെറ രൂപീകരണത്തിനും നടത്തിപ്പിനും മേൽനോട്ടത്തിനും ഉത്തരവാദിയായിരിക്കുന്നതാണ്.

നിർദ്ദിഷ്ട നാഷണൽ ഇൻവെസ്റ്റ്മെൻറ് &മാനുഫാക്ചറിംഗ് സോൺ (നിംസ്) പദ്ധതിയ്ക്കു വേണ്ടി പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിലെ ഒഴലപ്പതി വില്ലേജിൽനിന്നും ഭൂമി ഏറ്റെടുക്കൽ പദ്ധതിയുടെ അഡ്മിനിസ്ട്രേറ്റർ ആയി നിയോഗിക്കപ്പെട്ടിരിക്കുന്നത്സ്പെഷ്യൽ തഹസിൽദാർ (എൽ.എ)കിൻഫ്രആണ്.

കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനുംപുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 ഉം 23/09/2015ൽ പുറപ്പെടുവിച്ച ഉത്തരവ് G.O(MS)No.485/2015/RDപ്രകാരവുംകേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനു വേണ്ടി 2 കമ്മിറ്റികളാണ് രൂപീകരി ക്കേണ്ടത്.

1. ന്യായമായ പുനരധിവാസ പുനസ്ഥാപനത്തിനും വേണ്ടിയുള്ള ജില്ലാതല കമ്മിറ്റി. ടി കമ്മിറ്റിയിൽ താഴെ പറയുന്ന അംഗങ്ങൾ ഉൾപ്പെടുന്നു.

- ജില്ലാ കളക്ടർ
- പുനരഃധിവാസത്തിനും പുനഃസ്ഥാപനത്തിനും അഡ്മിനിസ്ട്രേറ്റർ
- ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ ഓഫീസർ
- സാമ്പത്തിക ഉദ്യോഗസ്ഥൻ
- സാമ്പത്തിക തീരുമാനങ്ങൾ കൈക്കൊള്ളുവാൻ അർത്ഥനാധികാരികളുടെ പ്രതിനിധികൾ
- പദ്ധതി പ്രദേശത്തെതദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പ്രതിനിധികൾ

**2.**പുനരധിവാസ പുനസ്ഥാപനത്തിനും വേണ്ടിയുള്ള സ്റ്റേറ്റ് മോണിറ്ററിംഗ് കമ്മിറ്റി. ടി കമ്മിറ്റിയിൽ താഴെ പറയുന്ന വ്യക്തികൾ ഉൾപ്പെടുന്നു.

- ചീഫ് സെക്രട്ടറി
- റവന്യൂ സെക്രട്ടറി
- അഡ്മിനിസ്ട്രേറ്റീവ് വകുപ്പിന്റെ സെക്രട്ടറി
- നിയമ സെക്രട്ടറി
- ഫിനാൻസ് സെക്രട്ടറി

ജില്ലാതല കമ്മിറ്റി പദ്ധതി ബാധിതർക്ക്നൽകേണ്ട ന്യായമായ ഭൂമി വിലയും നഷ്ട പരിഹാരവും പുനരധിവാസ പുനസ്ഥാപന പാക്കേജും ഉൾക്കൊള്ളുന്ന എസ്റ്റിമേറ്റ് തയ്യാറാക്കി സംസ്ഥാന മോണിറ്ററിംഗ് കമ്മിറ്റിക്ക് സമർപ്പിക്കും.പ്രസ്തുതഎസ്റ്റിമേറ്റ് സംസ്ഥാന കമ്മിറ്റി അംഗീകരിക്കുകയോ അല്ലെങ്കിൽസംസ്ഥാന കമ്മിറ്റിയുടെ നിരീക്ഷണങ്ങളും അഭിപ്രായങ്ങളും രേഖപ്പെടുത്തി പുനർനിർണ്ണയത്തിനായി തിരിച്ചയ ക്കുകയോ ചെയ്യും.

നഷ്ടപരിഹാരം, പുനരധിവാസ പുനസ്ഥാപനത്തിനുമുള്ള എസ്റ്റിമേറ്റിന് സ്റ്റേറ്റ് ലെവൽമോണിറ്ററിംഗ് കമ്മിറ്റിയുടെ അംഗീകാരം ലഭിച്ച ശേഷം ജില്ലാതല കമ്മിറ്റിപ്രസ്തുതഎസ്റ്റിമേറ്റും ബന്ധപ്പെട്ട നിബന്ധനകളും വ്യവസ്ഥകളും പദ്ധതി ബാധിത കുടുംബത്തോട് വിശദീകരിക്കും. പദ്ധതി ബാധിത വ്യക്തിയുടെ/

കുടുംബത്തിൻെറ അനുമതി ലഭിച്ചു കഴിഞ്ഞാൽ ടി അനുമതിയും പദ്ധതി ബാധിതരുമായുള്ള മീറ്റിംഗ് മിനിറ്റ്സും ഉൾപ്പെടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ ജില്ലാ കളക്ടർക്ക് സമർപ്പിക്കും. നിശ്ചയിക്കപ്പെട്ട നഷ്ടപരിഹാരവും പുനരധിവാസ പുനസ്ഥാപന പാക്കേജും പദ്ധതി ബാധിത വ്യക്തിക്ക്/ കുടുംബത്തിന് അനുമതി പത്രത്തോടൊപ്പം സമർപ്പിച്ച ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കും. നടപടി ക്രമങ്ങൾ പൂർത്തിയായതിനു ശേഷം ജില്ലാകളക്ടർ ഭൂമി ഏറ്റെടുക്കും.

**8.2. ഗവൺമെൻേറതര സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉണ്ടെങ്കിൽ വിവരിക്കുക**

ഒരു പൊതു ആവശ്യത്തിനുവേണ്ടി സർക്കാർ ഭൂമി ഏറ്റെടുക്കുമ്പോൾ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തണമെന്ന് ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനു മുള്ള അവകാശ നിയമം 2013 വകുപ്പ് 4 അനുശാസിക്കുന്നു.കേരള സംസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കുന്നതിൻെറ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനായി വ്യക്തികളെയോ സംഘടനകളെയോ സാമൂഹ്യ പ്രത്യാഘാത പഠന യൂണിറ്റായി സർക്കാരിന് കാലാനുസൃതമായി അനുമതി നൽകാമെന്ന് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധി വാസത്തിനുംപുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 ൻെറ ചട്ടം 9 ൽനിർവചിച്ചിരിക്കുന്നു.അതിൻ പ്രകാരം കിൻഫ്ര നാഷണൽ ഇൻവെസ്റ്റ് മെൻറ് &മാനുഫാക്ചറിംഗ് സോൺ (നിംസ്)പദ്ധതിയ്ക്കു വേണ്ടി പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിലെ ഒഴലപ്പതി വില്ലേജിൽ നിന്നും ഭൂമി ഏറ്റെടുക്കൽ. പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് 17.08.2020 തീയതിയിലെ കേരള ഗസറ്റ് (അസാധാരണം) നമ്പർ 1846 ൽ പ്രസിദ്ധീകരിച്ചകേരള സർക്കാർ റവന്യൂ (ബി) ഡിപ്പാർട്ട് മെൻറിൻെറ 14.08.2020 തീയതിയിലെ വിജ്ഞാപനം G.O.(P)No.53/2020/RD അനുസരിച്ച് രാജഗിരി ഔട്ട്റീച്ച്, രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ്സസ്, കളമശേരിയെ ചുമതലപ്പെടുത്തിയിരിക്കുന്നു. ആയതിനാൽ പബ്ലിക്ഹിയറിംഗ് ഉൾപ്പെടെ സാമൂഹ്യ പ്രത്യാഘാത പഠനത്തിനുള്ള നടപടികൾ

നിർവ്വഹിക്കുന്നതിന് രാജഗിരി ഔട്ട്റീച്ച് രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ്സസ്, കളമശേരി ഉത്തരവാദിത്വപ്പെട്ടിരിക്കുന്നു.

**8.3. സാങ്കേതിക സഹായം ഉൾപ്പടെ കാര്യക്ഷമതാ നിർമ്മാണ പദ്ധതിയോ കാര്യക്ഷമതാശേഷിയോ ആവശ്യമായി വരുന്നുണ്ടെങ്കിൽ വിവരിക്കുക**

കിൻഫ്ര സർക്കാർ ഉദ്യോഗസ്ഥർക്ക് ആവശ്യമായ വിവരങ്ങൾ നൽകുകയും കാര്യക്ഷമത ശേഷിയോ കാര്യക്ഷമത നിർമ്മാണ പദ്ധതിയോ ആവശ്യമായി വരുന്നു ണ്ടെങ്കിൽ തീരുമാനമെടുക്കുകയും ചെയ്യും.

**8.4. ഓരോ പ്രവർത്തനത്തിനും വേണ്ട സമയക്രമം**

കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 അനുശാസിക്കുന്ന സമയക്രമമനുസരിച്ച് പ്രവർത്തനങ്ങൾ ക്രമപ്പെടുത്തണം.

# അദ്ധ്യായം 9

# സാമൂഹ്യ പ്രത്യാഘാതം കൈകാര്യം ചെയ്യുന്നതിനുള്ള ബഡ്ജറ്റും സാമ്പത്തിക നടപടികളും

**9.1 പുനരധിവാസത്തിനും പുനസ്ഥാപനത്തിനും വേണ്ടി വരുന്ന ചിലവ്**

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 അനുസരിച്ച് പദ്ധതിയ്ക്ക് ആവശ്യമായ ചെലവ് അർത്ഥനാധികാരി വകയിരുത്തിയിട്ടുണ്ട്.

**9.2. വാർഷിക ബഡ്ജറ്റും ആസൂത്രണ രേഖയും**

ബാധകമല്ല

**9.3.സാമ്പത്തിക സ്രോതസ്സ് തരം തിരിച്ച്**

16/01/2020 തീയതിയിലെG.O (M.S) No. 15/2020/ID ഉത്തരവ്പ്രാകാരം പാലാക്കാട് ജില്ലയിൽ ഇൻഡസ്ട്രിയൽ കോറിഡോർ പദ്ധതിക്കു വേണ്ടി 1038 കോടി രൂപ കേരള ഇൻഫ്രസ്ട്രക്ചർ ഇൻവെസ്റ്റ്മെൻറ് ഫണ്ട് ബോർഡിൽ (കിഫ്ബി) നിന്ന് അനുമതി ലഭിച്ചു.

# അദ്ധ്യായം 10

# സാമൂഹ്യപ്രത്യാഘാത ദുരീകരണ പദ്ധതി –മേൽനോട്ടവും മൂല്യനിർണ്ണയവും

### 10.1 മേൽനോട്ടവും മൂല്യനിർണ്ണയവും – പ്രധാന സൂചികകൾ

- RFCTLARR നിയമം 2013 അനുശാസിക്കുന്ന ന്യായമായ നഷ്ടപരിഹാരവും പുനഃസ്ഥാപന നടപടികളും
- കുടുംബങ്ങളുടെ ജീവനോപാധി നഷ്ടമാകാത്ത രീതിയിലും കുടിയൊഴിപ്പിക്കപ്പെടുന്ന കുടുംബങ്ങളുടെ താമസ സൗകര്യത്തിന് ഭംഗം വരാത്ത വിധത്തിലും വേഗത്തിലുള്ള പുനസ്ഥാപന നടപടികൾ
- സമയാധിഷ്ഠിതമായ പദ്ധതി നിർവ്വഹണം
- പദ്ധതി പ്രദേശത്തു നിന്നും നിർമ്മാണ മാലിന്യങ്ങൾ സമയാധിഷ്ഠിതമായി നീക്കം ചെയ്യൽ

### 10.2. റിപ്പോർട്ടിങ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും

നാഷണൽ ഇൻവെസ്റ്റ്മെൻറ് &മാനുഫാക്ചറിംഗ് സോൺ (നിംസ്) പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിൻെറ റിപ്പോർട്ടിംഗ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും കേരളഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 പ്രകാരമായിരിക്കും. നിർദ്ദിഷ്ട പദ്ധതിക്കു വേണ്ടി അഡ്മിനിസ്ട്രേറ്റർ ആയി ചുമതലപ്പെട്ടിരിക്കുന്ന സ്പെഷ്യൽ തഹസിൽദാർ എൽ.എ. (കിൻഫ്ര), പാലക്കാട്. പദ്ധതിയുടെ പുനരധിവാസ–പുനസ്ഥാപന സ്കീമിൻെറ തയ്യാറാക്കലിനും നടത്തിപ്പിനും നിരീക്ഷണത്തിനും ചുമതലപ്പെട്ടിരിക്കുന്നു. അഡ്മിനിസ്ട്രേറ്റർ തയ്യാറാക്കുന്ന പുനരധിവാസ–പുനസ്ഥാപന സ്കീമിൻെറ കരട് രേഖ ജില്ലാതല പുനരധിവാസ പുനസ്ഥാപന കമ്മിറ്റി അന്തിമമാക്കുകയും സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റി അംഗീകാരം നൽകുകയും ചെയ്യണം.

### 10.3. സ്വതന്ത്ര മൂല്യനിർണ്ണയം – രൂപരേഖ

ബാധകമല്ല

# അദ്ധ്യായം 11

# നേട്ടങ്ങളും നഷ്ടങ്ങളും– അപഗ്രഥനം, ശുപാർശകൾ

**11.1പൊതു ആവശ്യം, കുറഞ്ഞ സ്ഥാനഭ്രംശം, ആവശ്യമായ ഏറ്റവും കുറവ് സ്ഥലം, സാമൂഹ്യപ്രത്യാഘാതത്തിൻെറ സ്വഭാവവും തീവ്രതയും, നഷ്ടം നികത്തുവാനുതകുന്ന സാമൂഹ്യ പ്രത്യാഘാത ദുരീകരണ ആസൂത്രണം എന്നിവയെക്കുറച്ചുള്ള അന്തിമ നിഗമനം**

കിൻഫ്രക്ക് വേണ്ടി ദേശീയ നിക്ഷേപ നിർമ്മാണ മേഖല (നിംസ്) സ്ഥാപിക്കുന്നതിന് പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിലെ ഒഴലപ്പതിയിൽ നിന്ന് ഏകദേശം 250 ഏക്കർ സ്ഥലം ഏറ്റെടുക്കലാണ് നിർദ്ദിഷ്ട പദ്ധതി.. തൊഴിൽ നിക്ഷേപത്തിനും പ്രാദേശിക സമ്പദ് വ്യവസ്ഥയുടെ വികസനത്തിനും കൂടാതെ ഒരു കാർഷിക സമ്പദ് വ്യവസ്ഥയിൽ നിന്ന് വ്യവസായിക സമ്പദ് വ്യവസ്ഥയിലേയ്ക്ക് മാറുന്നതിനുള്ള ഒരു പ്രധാന ഘടകമായിരിക്കുംനിർദ്ദിഷ്ട പദ്ധതി. പാലക്കാട് ജില്ലയിലെ വിവിധ അടിസ്ഥാന സൗകര്യങ്ങൾ, ബിസിനസ്സ് സംരംഭങ്ങൾ എന്നിവ വികസിപ്പിക്കുന്ന താണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഒരു പ്രമുഖ വ്യവസായ കേന്ദ്രമായി ജില്ലയെ വികസിപ്പിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. വ്യവസായിക പാർക്കും പ്രദേശത്തെ സാമൂഹികവും, സാമ്പത്തികവുമായ വികസനം, വ്യവസായിക വത്കരണത്തിൻെറ ഫലമായി ജനങ്ങളുടെ ജീവിത നിലവാരം ഗണ്യമായി വർദ്ധിക്കും. തൊഴിലവസരങ്ങൾ വർദ്ധിക്കുന്നത് ജില്ലയുടെ പ്രധാന നേട്ടമാണ്. ഊർജ്ജം സംരക്ഷിച്ചും ഇതര സാങ്കേതിക വിദ്യകൾ ഉപയോഗിച്ചും പദ്ധതി പരിസ്ഥിതി സൗഹൃദ സമീപനം സ്വീകരിക്കും എന്ന് അർത്ഥനാധികാരി വിശദീകരിക്കുന്നു. കൂടാതെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 വകുപ്പ്2(1)(b)iii അനുശാസിക്കുന്ന പ്രകാരം പ്രസ്തുത പദ്ധതി പൊതു താൽപാര്യത്തിൽ കീഴിൽ വരുന്നു.

നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന്റെ വിവരങ്ങൾ പ്രസിദ്ധപ്പെടുത്തിക്കൊണ്ട് കേരള സർക്കാർ റവന്യൂ (ബി) ഡിപ്പാർട്ട് മെൻറ് 14.08.2020 തീയതിയിൽ വിജ്ഞാപനം G.O.(P)No.53/2020/RD പ്രസിദ്ധ പ്പെടുത്തി. ടി വിജ്ഞാപനം അനുസരിച്ച് ബ്ലോക്ക് നമ്പർ 28 ൽ ഉൾപ്പെടുന്ന 55 സർവ്വെ നമ്പറുകളിലെ സ്ഥലങ്ങളാണ് ഏറ്റെടുക്കലിൽ ഉൾപ്പെടുന്നത്. നിർദ്ദിഷ്ട സ്ഥലത്തിന്റെ ഉടമകളിൽ ഭൂരിഭാഗം പേരും പദ്ധതി പ്രദേശത്ത് താമസിക്കുന്നവരല്ല; ബന്ധപ്പെടുവാനുള്ള വിലാസവും ലഭ്യമല്ല. ആയതിനാൽ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റിന് 23 ഭൂവുടമകളെ മാത്രമേ കണ്ടെത്തി സർവ്വെ ചെയ്യുവാൻ കഴിഞ്ഞിട്ടുള്ളു. സ്ഥലം നഷ്ടമാകൽ, കുടുംബങ്ങളെ കുടിയൊഴിപ്പി ക്കൽ, ആരാധനാലയങ്ങൾ നഷ്ടമാകൽ, ഉപജീവനമാർഗം നഷ്ടമാകൽ, കാറ്റാടി യന്ത്രം നഷ്ടമാകൽ, കാർഷിക പ്രവർത്തനങ്ങൾ നഷ്ടമാകൽ എന്നീ പ്രത്യാഘാ തങ്ങൾ പദ്ധതിമൂലം ഉണ്ടായേക്കാം. എന്നിരുന്നാലും പദ്ധതി സാമ്പത്തിക വികസനത്തിനും തൊഴിൽ അവസരങ്ങൾ സഷ്ടിക്കുന്നതിനും കാരണമായേക്കാം. എന്നതിനാൽ പദ്ധതിബാധിതർക്ക് പദ്ധതിയോട് അനുകൂല മനോഭാവമാണ് എന്ന് മനസിലാക്കുന്നു..ആയതിനാൽ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാര ത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവ കാശ നിയമം 2013 പ്രകാരം നഷ്ടപരിഹാരവും, പുനഃരധിവാസ-പുനഃസ്ഥാപന പാക്കേജുംപദ്ധതി ബാധിതർക്ക് നൽകുന്നതിലൂടെ പദ്ധതിയുടെ പ്രത്യാഘാതം ലഘൂകരിക്കാവുന്നതാണ്.

**11.2 മുകളിൽ പറഞ്ഞിരിക്കുന്ന വിലയിരുത്തലുകൾ തുലനം ചെയ്യുമ്പോൾ ഭൂമി ഏറ്റെടുക്കാമോ ഇല്ലയോ എന്നതിനുള്ള അന്തിമ ശുപാർശ**

പാലക്കാട് ജില്ലയിലെ ചിറ്റൂർതാലൂക്കിൽ ഒഴലപ്പതി വില്ലേജിൽ ദേശീയ നിക്ഷേപ നിർമ്മാണ മേഖല (നിംസ്) സ്ഥാപിക്കുന്നതിന് വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിന്റെ അനുകൂലവും പ്രതികൂലവുമായ പ്രത്യാഘാതങ്ങൾ വിലയിരുത്തുമ്പോൾ പദ്ധതിക്ക് വിപരീത ആഘാതങ്ങളുണ്ടെങ്കിലും വ്യവസായ പാർക്ക് നിലവിൽ വരുമ്പോൾ പ്രദേശത്ത് തൊഴിൽ അവസരങ്ങൾ വർദ്ധിക്കുന്നതിനും പ്രദേസത്തിന്റെ മൊത്തത്തി ലുള്ള വികസനത്തെ സ്വാധീനിക്കുകയും ചെയ്യും എന്ന് മനസിലാക്കുന്നു. ആയതിനാൽ നിലവിലെ രൂപരേഖ അനുസരിച്ച് ദേശീയ നിക്ഷേപ നിർമ്മാണ മേഖല (നിംസ്)

സ്ഥാപിക്കുന്നതിന് പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിലെ ഒഴലപ്പതിയിൽ നിന്ന്ഭൂമി ഏറ്റെടുക്കാവുന്നതാണ് സാമൂഹ്യ പ്രത്യാഘാത പഠന സംഘം ശുപാർശ ചെയുന്നു.പദ്ധതിയുടെ വിപരീത പ്രത്യാഘാതങ്ങൾ കുറയ്ക്കുന്നതിന് താഴെ പറയുന്ന കാര്യങ്ങൾ നിർദ്ദേശിക്കുന്നു.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 & കേരളഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015 പ്രകാരമുള്ള നഷ്ടപരിഹാരംപദ്ധതി ബാധിതരാകുന്ന ഭൂവുടമകൾക്ക് നൽകുക
- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ ഡിപ്പാർട്ട്മെൻറ് 23.09.2015 തീയതിയിൽ G.O(MS)No.485/2015/RD പ്രകാരവും, 29/12/2017 തീയതിയിൽ G.O(MS)No.448/ 2017/RD പ്രകാരവും കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനഃരധിവാസ പുനഃസ്ഥാപന പാക്കേജിനുള്ള പോളിസികൾ പ്രകാരംആഘാത ബാധിതമാകുന്ന ചമയങ്ങൾ തിട്ടപ്പെടുത്തി പുനഃരധിവാസ-പുനഃസ്ഥാപന പാക്കേജ് നൽകുക
- കുടിഒഴിപ്പിക്കപ്പെടുന്നകുടുംബങ്ങളുടെ പുനരധിവാസം സമയാധിഷ്ടിതമായ് നടപ്പിലാക്കുകയും നിലവിൽ കുടുംബങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന സൗകര്യങ്ങളിൽ കുറവ് വരാതെയുള്ള താമസസൗകര്യം കുടുംബങ്ങൾക്ക് ലഭ്യമായി എന്ന് ഉറപ്പ് വരുത്തുകയും വേണം
- കുടുംബങ്ങളുടെ ആദ്ധ്യാത്മിക ജീവിതത്തിൻെറ ഭാഗമായ പദ്ധതിബാധിതമാകുന്ന ക്ഷേത്രങ്ങളുടെ പുനസ്ഥാപനം വേഗത്തിൽ നടപ്പിലാക്കണം
- പദ്ധതിപ്രദേശത്തിനടുത്തുള്ള കാർഷിക പ്രവർത്തനങ്ങളും ഫാമുകളിലേക്കുള്ള പ്രവേശനവും തടസപ്പെടാത്ത വിധത്തിലും പദ്ധതി നിർമ്മാണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണം

- കുടുംബങ്ങളുടെ ഉപജീവനമാർഗം കൂടുതലായും ആഘാതബാധിതമാകാതിരിക്കുന്നതിന് പദ്ധതിബാധിതമാകുന്ന ഫാം ഹൗസുകൾ നീക്കം ചെയ്യുന്നതിന് മുൻപേ പുനസ്ഥാപനനടപടികൾ സ്വീകരിക്കണം. നിർദ്ദിഷ്ട പദ്ധതിയിൽ ഉണ്ടാകുവാനിടയുള്ള അനുയോജ്യമായ തൊഴിൽ മേഖലകളിലേക്ക് ഉപജീവനമാർഗം നഷ്ടമാകുന്ന വ്യക്തികളുടെ പരിഗണനയും ശുപാർശ ചെയ്യുന്നു.
- പദ്ധതിയുടെ നിർമ്മാണ ഘട്ടത്തിലും പദ്ധതി നിർവ്വഹണത്തിനു ശേഷവും പാരിസ്ഥിതിക മലിനീകരണവും മറ്റ് ആരോഗ്യ പ്രശ്നങ്ങളും കുറയ്ക്കുന്നതിനുള്ള നടപടികൾ കൈകൊള്ളണം.
- പദ്ധതിപ്രദേശത്തെ കാറ്റാടിയന്ത്രം കഴിയുന്ന വിധത്തിൽ സംരക്ഷിക്കണം
- പദ്ധതി നിർമ്മാണ മാലിന്യങ്ങൾ ശാസ്ത്രീയവും സമയാധിഷ്ടിതവുമായ് നിർമാർജനം ചെയ്യണം

# സൂചനകൾ

1. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013
2. കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനുംസുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015
3. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013ൻെറ വെളിച്ചത്തിൽ കേരള സർക്കാർ – റവന്യൂ(ബി) വകുപ്പ് 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/2015/RDപ്രകാരവും കേരള സർക്കാർ റവന്യൂ (ബി) വകുപ്പിൻെറ 29/12/2017 തീയതിയിലെ G.O(Ms)No.448/2017/RD പ്രകാരവും പുറപ്പെടുവിച്ച കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനരധിവാസ പുനസ്ഥാപന പാക്കേജ് തീരുമാനിക്കുന്നതിനുള്ള നയങ്ങൾ
4. 17/08/2020 തീയതിയിലെ 1846നമ്പർകേരള ഗസറ്റ് (അസാധാരണം)